# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക
2017 ജനുവരി – മാർച്ച്
ലക്കം: 4



അറിവിന്റെ ആഴങ്ങളിൽ
ജീവനസത്യം തേടി അലയവേ,
നർമ്മത്തിന്റെ പൊൻചിപ്പിയിൽ
ചിന്തകൾ വിരിയിക്കുന്ന
അനുപമ മാനസനായി
നൂറിന്റെ നിറവിൽ
നിറഞ്ഞുനിൽക്കുന്ന

## മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക് ആശംസകൾ

# ജന്മദിനാശംസകൾ



ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ്
എപ്പിസ്കോപ്പാ
ഫെബ്രുവരി 19





ഡോ. മാത്യൂസ് മാർ മക്കാറിയോസ്
എപ്പിസ്കോപ്പാ
ഫെബ്രുവരി 25



ഭദ്രാസനതലത്തിൽ ക്രമീകരിച്ച Barefoot Counselling Programme – ൽ പങ്കെടുത്തവർ



ആദ്യാക്ഷരം കുറിക്കൽ – കലയപുരം മാർത്തോമ്മാ സ്കൂളിൽ



Well Wishers Meeting-കലയപുരം മാർത്തോമ്മാ സ്കൂളിൽ





സഭാമണ്ഡലം പഠനവിഷയം ഭദ്രാസനതലത്തിൽ

ഹെർമ്മോൻ ദൂതൻ



പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കൺവീനർ
**ശ്രീ. എബി പാപ്പച്ചൻ**

കമ്മിറ്റി അംഗങ്ങൾ
**റവ. ജോർജ്ജ് ഏബ്രഹാം**
**ശ്രീ. ജോസഫ് വർഗീസ്**
**ശ്രീ. ഫിലിപ്പ് വർഗീസ്**
**ശ്രീ. ജേക്കബ് ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**

വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ, അടൂർ – 691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

**വാർഷിക വരിസംഖ്യ – 50/–**

# ഉള്ളടക്കം

**ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്**
**ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ**
**എഡിറ്റോറിയൽ**

**6** **വായിക്കാം: ദൈവത്തിന്റ മനസ്സിനെ**
ധ്യാനാത്മകജീവിതത്തിലൂടെ ഒരു സഞ്ചാരത്തെ ആസ്പദമാക്കിയുള്ള ചിന്തകൾ

**8** **പൂജ്യത്തിന്റെ വഴിയേ സഞ്ചരിക്കുന്നവർ**
നിസാരമെന്നു കരുതുന്നതിനോട് ചേർന്നുനിൽക്കുമ്പോൾ ഉണ്ടാകാവുന്ന മാറ്റങ്ങളെപ്പറ്റിയുള്ള നുറുങ്ങുകൾ

**12** **വചനാധിഷ്ഠിത ജീവിതത്തിന്റെ ആധുനികകാല വെല്ലുവിളികൾ**
വചനത്തെ ഹൃദയത്തോട് ചേർത്തുപിടിച്ച് നടക്കുമ്പോൾ ഉയർന്നുവരുന്ന വെല്ലുവിളികളെപ്പറ്റിയുള്ള അവലോകനം

**18** **ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**
കാലത്തിന്റെ വെല്ലുവിളികളിൽ പതറാതെ സഭയെ ധീരതയോടെ നയിക്കുന്ന മെത്രാപ്പോലീത്തായുടെ ജീവിതത്തിലൂടെ ഒരു യാത്ര

**19** **മൂല്യങ്ങളെ തിരിച്ചറിഞ്ഞ് മാതൃകയാക്കുന്ന മാനവികത**
കുടുംബത്തിന്റെ പവിത്രതയെ വെളിപ്പെടുത്തുന്ന നർമ്മകഥ

**20** **ക്രിസ്തു: വചനത്തിന്റെ ഊർജ്ജസ്രോതസ്**
ക്രിസ്തുവാകുന്ന വചനത്തിന്റെ അനന്തസാധ്യതകളെപ്പറ്റിയുള്ള പഠനം

**26** **കൗമാരവും ശാരീരിക മാറ്റങ്ങളും**
കൗമാരപ്രായത്തിലുളവാകുന്ന ശാരീരിക മാറ്റങ്ങളെ അറിയുവാൻ സാധിക്കുന്ന ലേഖനപരമ്പര



# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

"എൻ മനമേ യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക, എൻ മനമേ യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങളൊന്നും മറക്കരുത്."

**ക**ർത്താവിൽ പ്രിയരെ,

വീണ്ടും ഒരു പുതുവർഷത്തിലേക്ക് പ്രവേശിക്കുവാൻ ദൈവംതമ്പുരാൻ നമ്മെ സഹായിച്ചു. പിന്നിട്ട വർഷം ദൈവത്തിന്റെ വലിയ കരുതലും, കാവലും അനുഭവിക്കുവാൻ സാധിച്ചതിൽ നമുക്ക് സ്തോത്രം ചെയ്യാം. ദൈവം ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ. പുതുവത്സരം യേശുകർത്താവിനോടൊത്ത് അനുദിനജീവിതത്തിൽ മുന്നേറുവാൻ ഏവർക്കും ഇടയാകട്ടെ. എല്ലാവർക്കും നവവത്സരാശംസകൾ നേരുന്നു.

എല്ലാ വർഷവും ജനുവരി ആദ്യവാരം ഭദ്രാസന കൺവൻഷനായി കൂടിവരുവാൻ സാധിക്കുന്നല്ലോ. 2017 ജനുവരി 04-ാം തീയതി ബുധനാഴ്ച സന്ധ്യ മുതൽ 08-ാം തീയതി ഞായറാഴ്ച ഉച്ചവരെയുള്ള സമയം വിവിധ യോഗങ്ങളിലൂടെ ദൈവവചനം പഠിക്കുന്നതിനും ധ്യാനിക്കുന്നതിനും അന്യോന്യമുള്ള കൂട്ടായ്മ അനുഭവിക്കുന്നതിനും ഇടയാകണം. നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ഇടവകകളിൽനിന്നും യോഗങ്ങളിൽ വന്ന് സംബന്ധിക്കുവാൻ ഏവരും ഉത്സാഹിക്കണം. 08-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനമദ്ധ്യേ സമാപനസന്ദേശം നൽകുന്നത് ഒരു നൂറ്റാണ്ട് മുഴുവനും ദൈവകൃപയുടെ തണലിൽ ധന്യമായ ശുശ്രൂഷ ക്രൈസ്തവസഭയ്ക്കും, പൊതുസമൂഹത്തിനും നൽകിക്കൊണ്ടിരിക്കുന്ന അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയാണ്. വിശുദ്ധ കുർബ്ബാനയെത്തുടർന്ന് വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ജന്മശതാബ്ദി സമുചിതമായി ആഘോഷിക്കുന്നതാണ്. ഇതൊരു അസുലഭ സന്ദർഭമായി കരുതി ഏവരും പ്രാർത്ഥനാപൂർവ്വം വന്ന് സംബന്ധിക്കണം.

ഈ വർഷത്തെ കൺവൻഷനോടനുബന്ധിച്ച് ഇടവകകളിലും ഭദ്രാസനത്തിൽ പൊതുവെയും കൗൺസിലിംഗ് ശുശ്രൂഷ ചെയ്വാൻ തക്കവണ്ണം വിവിധ ഇടവകകളിൽനിന്നും ഏകദേശം 150 സ്ത്രീ-പുരുഷന്മാരെ പ്രത്യേകം പരിശീലനത്തിലൂടെ ഒരുക്കുന്നതിന് കഴിഞ്ഞു. ഡിസംബർ 5-ാം തീയതി നടന്ന കൗൺസിലിംഗ് ട്രെയിനിംഗ് പ്രോഗ്രാം ക്ലാസ്സുകളുടെ മികവുകൊണ്ടും ജനങ്ങളുടെ പങ്കാളിത്തംകൊണ്ടും ഏറ്റം ശ്രദ്ധേയമായിരുന്നു. പ്രാഥമിക പരിശീലനം ലഭിച്ചവരെ തുടർപരിശീലനങ്ങളിലൂടെ കൂടുതൽ സജ്ജമാക്കുവാൻ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇവരുടെ സേവനം ഇടവകതലത്തിലും ആവശ്യാനുസരണം ഉപയോഗപ്പെടുത്തണം.

ഭദ്രാസന കൺവൻഷൻ, കൂടാതെ കലയപുരം, ഇടത്തറ, കല്ലട കൺവൻഷനുകളിലും ഏവരും താല്പര്യപൂർവ്വം സംബന്ധിക്കേണ്ടതാണ്. ഈ വർഷത്തെ മാരാമൺ മഹായോഗം ഫെബ്രുവരി 12 മുതൽ 19 വരെ ആണല്ലോ. കഴിവുള്ളേടത്തോളം ഈ യോഗങ്ങളിൽ പങ്കെടുക്കുവാൻ ഏവരും ഉത്സാഹിക്കണം.

ഭദ്രാസനമായി നടത്തിവരുന്ന പ്രീ-മാരിറ്റൽ, പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ് സെന്ററിന്റെ സഹായം ആവശ്യാനുസരണം തേടേണ്ടതാണ്. നമ്മുടെ മക്കളുടെ വിവാഹത്തിന് മുമ്പ് കൗൺസിലിംഗ് സെന്ററിലൂടെ ലഭ്യമാകുന്ന ഒരുക്കശുശ്രൂഷയിൽ വധൂവരന്മാരും അവരുടെ മാതാപിതാക്കളും സംബന്ധിക്കുവാൻ ഉത്സാഹിക്കണം. എല്ലാ മാസവും 10 ദിവസം നീണ്ടുനിൽക്കുന്ന ഡി-അഡിക്ഷൻ ക്യാമ്പുകളിൽ മദ്യപാനരോഗികളായവരെ കുടുംബമായി പങ്കെടുപ്പിച്ച് മദ്യവിമുക്തജീവിതം നയിക്കുന്നതിന് പ്രാപ്ത

മാക്കുവാൻ ഓരോ ഇടവകയും പരമാവധി പരിശ്രമിക്കേണ്ടതാണ്. അങ്ങനെ മദ്യപാനത്തിൽനിന്നുള്ള വിടുതൽ നേടി സൗഖ്യജീവിതം നയിക്കുന്നവർക്ക് സ്നേഹനിർഭരമമായ കരുതലും കൂട്ടായ്മയും നൽകുവാൻ വികാരിമാരും, ഇടവകജനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ മെത്രാപ്പോലീത്താ തിരുമേനിയുടെ പൗരോഹിത്യ വജ്രജൂബിലിയുടെ ഭാഗമായി സഭാകൗൺസിൽ കൈക്കൊണ്ട തീരുമാനപ്രകാരം, എല്ലാ ഇടവകകളിലും, സെന്ററുകളിലും ഭദ്രാസനങ്ങളിലും മദ്യവിമോചനസമിതികൾ എത്രയും വേഗം രൂപീകരിച്ച് പ്രവർത്തനസജ്ജമാക്കണം. 'മദ്യവിമുക്തസമൂഹം' എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ ഏവരുടേയും സത്വര ശ്രദ്ധയുണ്ടാകണമെന്ന് വാത്സല്യപൂർവ്വം അഭ്യർത്ഥിക്കുന്നു. ഭദ്രാസനമായി നമ്മുടെ സ്പിരിച്വാലിറ്റി സെന്ററിനോടനുബന്ധിച്ച് ആരംഭിച്ചിരിക്കുന്ന അനുഗ്രഹ ഡി-അഡിക്ഷൻ & കൗൺസിലിംഗ് സെന്ററിനായി നിർമ്മിക്കുന്ന പുതിയ ബ്ലോക്കിന്റെ ശിലാസ്ഥാപനം 2017 ജനുവരി 8-ാം തീയതി അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നതാണ്.

ജനുവരി മാസം 15-ാം തീയതിയ്ക്കകം ഭരണഘടന അനുശാസിക്കുന്നതിൻ പ്രകാരം എല്ലാ ഇടവകകളിലും വോട്ടേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. പുതിയ സാമ്പത്തിക വർഷത്തേക്കുള്ള ഇടവക ചുമതലക്കാരേയും, കൈസ്ഥാനസമിതി അംഗങ്ങളേയും അതീവശ്രദ്ധയോടെ തിരഞ്ഞെടുക്കുന്നതിന് പ്രാർത്ഥനാപൂർവ്വം മുന്നൊരുക്കങ്ങൾ ചെയ്യേണ്ടതാണ്. ഉത്തമസ്വഭാവവും, നല്ല കാര്യപ്രാപ്തിയും എല്ലാവരാലും നല്ല സാക്ഷ്യം ഉള്ളവരും, ചുമതലസ്ഥാനങ്ങളിലേക്കും, ആലോചനാസമിതികളിലേക്കും തിരഞ്ഞെടുക്കപ്പെടുവാൻ ഏവരും ഉത്സാഹിക്കണം. അടുത്ത മൂന്ന് വർഷത്തേക്ക് ഭദ്രാസന അസംബ്ലി, സഭാ പ്രതിനിധി മണ്ഡലത്തിലേക്കും പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുള്ള അറിയിപ്പുകൾ ഇതിനോടകം ലഭിച്ചിരിക്കുമല്ലോ. പൊതുസമ്മതരായ ആളുകളെ കണ്ടെത്തി ഈ ചുമതലകളിലേക്ക് പ്രവേശിപ്പിക്കേണ്ടതാണ്.

ഭദ്രാസനത്തിലും, സഭയിലും അടയ്ക്കേണ്ട നിശ്ചിത തുകകൾ കാലതാമസമെന്യേ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. കണക്കുകൾ കൃത്യതയോടെ എഴുതിസൂക്ഷിക്കുന്നതിലും, സാമ്പത്തികവർഷം അവസാനിക്കുന്ന മുറയ്ക്ക് കാലതാമസം വരുത്താതെ തെരട്ട് തയ്യാറാക്കി ഇന്റേണൽ/എക്സ്റ്റേണൽ ഓഡിറ്റിംഗ് നടത്തി നിയമാനുസരണം ഇടവകയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കി മെയ് 31-നകം ഭദ്രാസന ഓഫീസിൽ ഏൽപ്പിക്കുന്നതിന് ഇടവക ചുമതലക്കാർ ശ്രദ്ധിക്കണം.

സൺഡേസ്കൂൾ സമാജത്തിന്റെ അദ്ധ്യയനവർഷം ജനുവരി ആദ്യ ഞായറാഴ്ചയാണല്ലോ ആരംഭിക്കുന്നത്. നമ്മുടെ എല്ലാ ഇടവകകളിലും സൺഡേസ്കൂൾ പഠനത്തിന് പ്രായമായ കുട്ടികളെല്ലാവരും സംബന്ധിക്കുന്നുവെന്ന് ഉറപ്പാക്കണം. നല്ല ഒരുക്കത്തോടും, തയ്യാറെടുപ്പോടും കൂടിവേണം അദ്ധ്യാപകർ തങ്ങളുടെ ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ. സൺഡേസ്കൂൾ അദ്ധ്യാപകരും കുട്ടികളും ആരാധനയിൽ നിർബ്ബന്ധമായും സംബന്ധിക്കണം. സമാജം ഭരണഘടന അനുശാസിക്കുന്ന പ്രകാരേണ ആയിരിക്കണം അദ്ധ്യാപകരേയും പ്രഥമ അദ്ധ്യാപകരേയും നിയോഗിക്കേണ്ടത്. സഭയുടെ ഏറ്റം പരിപാവനമായ ശുശ്രൂഷയാണല്ലോ കുട്ടികളുടെ ആത്മീയപരിപാലന ശുശ്രൂഷ. ഇക്കാര്യത്തിൽ ആരുടെ ഭാഗത്തും യാതൊരുവിധത്തിലുള്ള ഉദാസീനതയോ സാക്ഷ്യമില്ലായ്മയോ ഉണ്ടാവാതിരിക്കുവാൻ അതീവ ശ്രദ്ധ പുലർത്തണം.

അൻപത് നോമ്പ് ഫെബ്രുവരി 26-ാം തീയതി ആരംഭിക്കുകയാണല്ലോ. നമ്മുടെ ആത്മീയജീവിതത്തെ ഒന്നുകൂടി പുതുക്കുവാനും സമൂഹത്തിന് രുചി പകരുന്ന പ്രവർത്തനങ്ങൾ നമ്മിൽനിന്നുണ്ടാകുവാനും ഈ വർഷത്തെ നോമ്പ് ആചരണത്തിലൂടെ സാധിക്കട്ടെ. ഇടവകകളിൽ പ്രത്യേക പ്രാർത്ഥനകളും ധ്യാനവും ക്രമീകരിക്കുവാനും ശ്രദ്ധിക്കണം. ഉത്തമ സാക്ഷ്യമുള്ള സമൂഹമായി ഭൂമിക്ക് ഉപ്പും, ലോകത്തിന് വെളിച്ചവുമായിത്തീരുവാൻ ഈ വർഷത്തെ നോമ്പാചരണം ഇടയാക്കട്ടെ.

ഭദ്രാസന പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടെ സഹകരിക്കുന്ന എല്ലാവരോടും ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു. ഒത്തുചേർന്നുള്ള പ്രവർത്തനം നമ്മുടെ ആത്മീക ജീവിതത്തെ കൂടുതൽ അർത്ഥപൂർണ്ണവും, സംപുഷ്ടവുമാക്കിത്തീർക്കുന്നതിന് സഭയുടെ നാഥനായ കർത്താവ് സഹായിക്കട്ടെ.

കർത്തശുശ്രൂഷയിൽ

ഹെർമ്മോൻ അരമന

2017 ജനുവരി 1

Mar paulos +

**മാർ പൗലൊസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ......



നമ്മുടെ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം. അഭിവന്ദ്യ തിരുമേനിയിലൂടെ നല്ല ആലോചനകളും നേതൃത്വവും ലഭിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ രണ്ടുവർഷത്തിലധികമായി ഭദ്രാസന സെക്രട്ടറിയായി സ്തുത്യർഹമായ സേവനം ചെയ്ത വികാരി ജനറാൾ വെരി.റവ. സ്കറിയ ഏബ്രഹാമിന്റെ സേവനത്തിന് ഭദ്രാസനത്തിന്റെ നന്ദി അറിയിക്കുന്നു. അച്ചന്റെ തുടർന്നുള്ള പ്രവർത്തനങ്ങളും സഭയുടെ വളർച്ചയ്ക്ക് മുതൽക്കൂട്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒക്ടോബർ 15-ാം തീയതി മുതൽ ഭദ്രാസന സെക്രട്ടറിയായി അഭിവന്ദ്യ തിരുമേനിയുടെ നിർദ്ദേശപ്രകാരം ചുമതലയേൽക്കുവാന് സാധിച്ചു. തിരുമേനിയോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. ബഹുമാനപ്പെട്ട വൈദികരുടെയും സുവിശേഷകരുടെയും വിവിധ സംഘടനാ ഭാരവാഹികളുടെയും ഭദ്രാസനത്തിലെ എല്ലാ ഇടവകജനങ്ങളുടെയും സഹകരണവും പ്രാർത്ഥനയും കൈത്താങ്ങലുകളും ഉണ്ടായിരിക്കണമെ.

വിവിധ പരിപാടികളിലൂടെ ഭദ്രാസത്തിന്റെ വളർച്ചയ്ക്ക് ഉതകുന്ന ക്രമീകരണങ്ങൾ ചെയ്യുവാൻ സാധിച്ചു. എല്ലാ ആദ്യ ശനിയാഴ്ചകളിലും  നടക്കുന്ന ഉണർവ്വുയോഗങ്ങൾ വളരെ അനുഗ്രഹിക്കപ്പെട്ടതാണ്. അനുഗ്രഹാ ഡി-അഡിക്ഷൻ ക്യാമ്പുകൾ എല്ലാ മാസത്തിലും നടത്തിവരുന്നു. 50-ലധികം കുടുംബങ്ങൾ ഇതുമൂലം സന്തോഷം അനുഭവിക്കുന്നു. ഈ ഉദ്യമത്തിൽ എല്ലാവരും താല്പര്യത്തോടെ പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒക്ടോബർ 25-ാം തീയതി Widow & Single Parent Meeting-ഉം നടത്തപ്പെട്ടു. ഏകാന്തതയിലും പ്രയാസങ്ങളിലും ദൈവത്തിന്റെ കരുതൽ അനുഭവിച്ചവരുടെ കൂടിവരവായി, അന്യോന്യം പങ്കിടലിന്റെ വേദിയായും ഈ മീറ്റിംഗ് തീർന്നു. നമ്മുടെ ഭദ്രാസനത്തിലെ പുതിയ ഇടവകകളുടെ കൺവൻഷൻ ഒക്ടോബർ 28,29,30 തീയതികളിൽ മണ്ണടി മാർത്തോമ്മാ പള്ളിയിൽവെച്ച് നടന്നു. എല്ലാ ഇടവകകളും ഇതിൽ സജീവ പങ്കാളികളായി.

നവംബർ 11 മുതൽ 13 വരെ തീയതികളിൽ ഭദ്രാസന സേവികാസംഘത്തിന്റെയും യുവജനസഖ്യത്തിന്റെയും നേതൃത്വത്തിൽ  Bloom Fest വളരെ അനുഗ്രഹകരമായിരുന്നു. ഭദ്രാസന കൺവൻഷനു മുന്നോടിയായി നടന്ന ഏകദിന  Barefoot Conselling-ൽ നമ്മുടെ ആളുകൾ താല്പര്യത്തോടെ പങ്കെടുത്തു.

ഡിസംബർ 11-ന് നടന്ന 'സൃഷ്ടിക്കൊരു സങ്കീർത്തനം' എന്ന ഗാനസന്ധ്യയിൽ നമ്മുടെ എല്ലാ ഇടവകകളുടെയും പങ്കാളിത്തം ഉണ്ടായിരുന്നു. ക്രിസ്തുമസ് ഗാനങ്ങളും, കുഞ്ഞുങ്ങളുടെയും യുവജനസഖ്യത്തിന്റെയും കലാപരിപാടികൾ വളരെ മികവുറ്റതായിരുന്നു.

ജനുവരി 4 മുതൽ 8 വരെ നമ്മുടെ ഭദ്രാസനകൺവൻഷൻ നടക്കുകയാണ്. അതിന്റെ ക്രമീകരണങ്ങൾ നടന്നുവരുന്നു. 8-ാം തീയതി വിശുദ്ധ കുർബ്ബാനയ്ക്കുശേഷം അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ 100-ാം ജന്മദിനസമ്മേളനം നടത്തുവാൻ ക്രമീകരിക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനയും സാന്നിദ്ധ്യവും ഉണ്ടായിരിക്കണമെ.

ജനുവരി 26-ന് നമ്മുടെ ഭദ്രാസന കുടുംബസമ്മേളനം സ്പിരിച്ച്വാലിറ്റി സെന്ററിൽ വെച്ച് നടക്കുന്നു. ഏവരവും കുടുംബമായി വന്ന് സംബന്ധിക്കണമെ.

2017 ലേക്ക് പ്രവേശിച്ചിരിക്കുന്ന നമുക്ക് ദൈവം എല്ലാ നന്മകളും പുതുവർഷം നൽകട്ടെ.

ഏവർക്കും പുതുവത്സരാശംസകൾ

**റവ. വി. കുഞ്ഞുകോശി**
ഭദ്രാസന സെക്രട്ടറി



# Editorial

## വചനത്തിൻ കനൽവഴികളിലൂടെ....

ചെറിയ ദൂരമുള്ള ഓട്ടമാണ് ജീവിതം. വിവിധ വർണ്ണങ്ങൾ ചാലിച്ചുകൊണ്ട് രൂപത്തിലും ഭാവത്തിലും അതാതു കാലത്തിന്റെ പുതുസങ്കല്പങ്ങൾ നൽകി 12 വ്യത്യസ്തമുഖങ്ങളണിഞ്ഞുകൊണ്ടുള്ള യാത്രയ്ക്ക് തുടക്കമായി.

ആയുസ്സിന്റെ കണക്കുപുസ്തകത്തിൽനിന്നും ഒരു താളുകൂടി മറഞ്ഞിരിക്കുന്നു. പിന്നിട്ട വഴികളിൽ കണ്ടുമുട്ടിയ ഒരുപാട് മുഖങ്ങൾ. നനവുള്ള ഓർമ്മകളിലേക്കുള്ള തിരിഞ്ഞുനോട്ടത്തിൽ നേട്ടങ്ങളും നഷ്ടങ്ങളും നൊമ്പരങ്ങളും നെടുവീർപ്പുകളും നിസ്സഹായതകളും നിരവധി. ആഗ്രഹങ്ങൾ പലതും സഫലമാകാതിരുന്നപ്പോഴും അർഹിക്കാത്ത അനവരതങ്ങളായ ദൈവീക നന്മകൾ അനുഭവിക്കുവാൻ ലഭിച്ച അവസരങ്ങൾക്കു സർവ്വേശ്വരനു നന്ദി കരേറ്റാം.

ഇതു കൺവൻഷനുകളുടെ കാലയളവ്. വചനത്തിന്റെ കനൽവഴികളിലൂടെ ജീവിതത്തെ ശോധന കഴിപ്പാനും ശുദ്ധീകരിപ്പാനും ശോഭനമാക്കുവാനും ശുഭാപ്തിവിശ്വാസത്തോടെ മുന്നേറുവാനും നമുക്ക് ലഭിക്കുന്ന അസുലഭ നിമിഷങ്ങൾ. കാലത്തെ വചനത്തിന്റെ വെളിച്ചത്തിൽ കാലികമായി വായിക്കുവാനും വ്യാഖ്യാനിക്കുവാനും വിശകലനം ചെയ്യുവാനും നമുക്ക് സാധിക്കണം. ആദിയിൽ മുഴങ്ങിയതും ആനുകാലികത നിറഞ്ഞതും അനന്തതയിലേക്കു നയിക്കുന്നതുമായ ദൈവവചനം ദിഗന്തങ്ങളിൽ അലയടിക്കുമ്പോൾ അന്തരാത്മാവിൽ പരിവർത്തനത്തിന്റെ അഗ്നി ആളിക്കത്തണം. കരിക്കട്ടകൾ തീക്കനലിനോടടുത്തിരിക്കുമ്പോൾ കരിക്കട്ടയും തീക്കനലായി മാറുന്നതുപോലെ നമ്മുടെ കർമ്മപദങ്ങളിൽ വെളിച്ചത്തിൽ പ്രഭ പ്രതിഫലിക്കണം. കനലിൽ വെന്തുരുകുന്ന കുന്തിരിക്കത്തിന്റെ സുഗന്ധം ചുറ്റുപാടുകളെ സുഗന്ധപൂർണ്ണമാക്കുന്നതുപോലെ നമ്മിൽനിന്നും നൈർമല്യത്തിന്റെ സുഗന്ധം പ്രസരിക്കണം. വചനത്തിന്റെ സാമാന്യതലത്തിൽനിന്നും സൂക്ഷ്മവും അതിസൂക്ഷ്മവുമായ തലത്തിലേക്കു നാം ഇറങ്ങിച്ചെല്ലുമ്പോൾ ചില മേഖലയിലെങ്കിലും ചില പൊളിച്ചെഴുത്തുകൾ ആവശ്യമായി വരും. അപക്വമായ മനസിന്റെ അപഥസഞ്ചാരത്തിൽനിന്നും അനശ്വരതയുടെ അനന്തസാധ്യതകളിലേക്കു പാലായനം ചെയ്യുവാനുള്ള ആഗ്രഹവും അർപ്പണവും നമ്മിൽ നിറഞ്ഞുനിൽക്കണം. വചനത്തിന്റെ പൊരുളും പൊലിമയും നമ്മുടെ കാഴ്ചവട്ടത്തെ വിപുലമാക്കുന്നതിനും ചിന്തകളെ ഉണർത്തുന്നതിനും ഉതകുന്നു.

The word of God brings the light of liberty to those in darkness.
ദൈവവചനം അന്ധകാരനിബിഢമായ ഇടത്തിൽ സ്വാതന്ത്ര്യത്തിന്റെ വെളിച്ചംവീശുന്നു.
The word of God brings the light of life to those under death.
ദൈവവചനം അന്ത്യം ഭവിച്ചിരിക്കുന്ന ഇടത്ത് ജീവന്റെ ആരംഭം കുറിക്കുന്നു.
The word of God brings the light of leadership to those without direction.
ദൈവവചനം അജ്ഞാതമായ ജീവിതവഴിത്താരയിൽ ലക്ഷ്യത്തിലേക്കുള്ള നേർവഴി കാട്ടുന്നു.

ഈ പുതുവർഷത്തിന്റെ പുലരിയിൽ മനസ്സിന്റെ ജനാലകൾ തുറക്കുമ്പോൾ സൗഹൃദത്തിന്റെ മുകുളങ്ങൾ നമുക്കു ചുറ്റും വിരിയട്ടെ. സ്നേഹത്തിന്റെ മഞ്ഞുതുള്ളികൾ അവയെ കുളിരണിയിക്കട്ടെ. ഒരിക്കലും വാടാത്ത പനിനീർ മലരുകളായി സ്നേഹത്തിന്റെ സൗഹൃദപരിമളം പരക്കട്ടെ.

**റവ. പി.ജെ. തോമസ്**
ചീഫ് എഡിറ്റർ



റവ. ജോജി കെ. മാത്യു
ആശാഭവൻ

ധ്യാനം ഒരു സംഭാഷണമാണ്. ദൈവത്തിന്റെ മനസ്സിനെ വായിച്ചെടുക്കുവാനുള്ള മനുഷ്യന്റെ ചെറിയ ഉദ്യമം. ഉൽപ്പത്തി പുസ്തകം 1–11 വരെയുള്ള അധ്യായങ്ങൾ ധ്യാനിക്കുമ്പോൾ ചരിത്രവിവരണങ്ങൾ വായിക്കുന്ന ലാഘവത്തോടെ നമുക്ക് വായിക്കാനാവില്ല. വേദപുസ്തകത്തിലെ സൃഷ്ടിവിവരണങ്ങൾ കാലത്തിന്റെയും സംസ്കാരത്തിന്റെയും ഭാഷയുടെയും അതീതമായ ചില സത്യങ്ങളിലേക്ക് വിരൽചൂണ്ടുന്നവയാണ്. ഓരോ വാക്കുകളും ഇന്നിന്റെ യാഥാർത്ഥ്യങ്ങളെ കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നവയാണ്. സൃഷ്ടിവിവരണങ്ങളിലെ ആദ്യവാക്യങ്ങളുടെ അർത്ഥതലങ്ങളിലേക്ക് നമുക്ക് യാത്രചെയ്യാം. (ഉല്പത്തി 1:1–2). ഇല്ലായ്മയിൽനിന്ന് ഉണ്മയിലേക്കും രൂപരാഹിത്യത്തിൽനിന്ന് പ്രപഞ്ചത്തിന്റെ ഓർഡറിലേക്കുമുള്ള യാത്രയായിരുന്നു സൃഷ്ടിപ്പ്-ഉല്പത്തി.

**ആദിയിലെ ദൈവം (1:1)**

ആരാലും സൃഷ്ടിക്കപ്പെടാത്ത സ്രഷ്ടാവായ ദൈവം പ്രപഞ്ചത്തിന്റെ സ്പന്ദനങ്ങളെ തന്റെ ഉൾത്തടത്തിൽ കുറിക്കുന്നു. അവൻ എല്ലാറ്റിന്റെയും സ്രഷ്ടാവാണ്. നാം ഉപയോഗശൂന്യം (useless) എന്നു പറയുന്നതിന്റേതു പോലും. അങ്ങനെയാണെങ്കിൽ "ഉപയോഗങ്ങളെ" നിർണ്ണയിക്കുന്നത് നിർമ്മാതാവാണോ? മറ്റുള്ളവരാണോ? സ്രഷ്ടാവിന്റേത് അല്ലാത്ത ഉപയോഗവും സ്രഷ്ടാവിന്റെ ഹിതത്തിനെതിരായ ഉപയോഗവും അപകടകരമാണെന്ന് നാം തിരിച്ചറിയണം. പ്രപഞ്ചത്തെ മുഴുവൻ സ്വാർത്ഥലാഭത്തോടെ "ഉപയോഗിച്ച്" നശിപ്പിക്കുന്ന മനുഷ്യന്റെ പ്രവണതയെ ആകാശവും ഭൂമിയും സൃഷ്ടിച്ച വലിയവനായ ആ ശില്പിയുടെ സങ്കൽപ്പവുമായി സംവാദിക്കാൻ അനുവദിക്കണം.

> **വെളിച്ചത്തിന്റെയും ജീവജലനദിയുടെയും സാന്നിദ്ധ്യമാകേണ്ടുന്ന ലോകം ഇന്ന് ഇരുളും സമുദ്രവും വാഴുന്ന "അധോലോകം" ആയി അധഃപതിച്ചിട്ടുണ്ടോ?**

പ്രപഞ്ചത്തിന്റെ താളങ്ങളുടെ മേൽ അധികാരമുള്ളവനായ് ദൈവം. താളപ്പിഴകൾ സൃഷ്ടിക്കുന്ന ഇന്നിന്റെ ജീവിതക്രമങ്ങളിൽ സ്രഷ്ടാവിന്റെ കരസ്പർശത്തിനായി അനുവദിച്ചുകൊടുക്കുക. താളം പിഴച്ചു എന്നു തോന്നുമ്പോൾ സ്രഷ്ടാവിന്റെ താളാത്മകതയ്ക്കു ചെവികൊടുക്കുക. ഇത് പുതിയ ജീവിതലക്ഷ്യങ്ങളെ പ്രദാനം ചെയ്യുന്ന അനുഭവമായി മാറ്റപ്പെടും. സ്വയത്തിനുവേണ്ടി ചില വ്യക്തികൾക്കോ പ്രത്യയശാസ്ത്രങ്ങൾക്കുവേണ്ടിയോ മാത്രമുള്ളതല്ല നമ്മുടെ ജീവിതം. സ്രഷ്ടാവിന്റെ ഇഷ്ടങ്ങൾക്കുവേണ്ടി ജീവിക്കുന്നവർക്ക് നിരാശയ്ക്ക് ഇടമുണ്ടാവില്ല.



നിന്റെ "ആദിയിങ്കലെ ദൈവത്തെ കണ്ടെത്തുക..." "എന്തിനുവേണ്ടി?" എന്ന് അന്വേഷിക്കുക (why I am here?) അതിലേക്ക് യാത്ര ചെയ്യുക.

**പാഴും ശൂന്യതയും (1:2)**

"ഭൂമി പാഴും ശൂന്യവുമായിരുന്നു" എന്ന വാക്യത്തെ ധ്യാനിക്കുമ്പോൾ എബ്രായഭാഷയിൽ അതിനായി ഉപയോഗിച്ചിരിക്കുന്ന "Tohu wa Bohu" എന്ന പദത്തിന്റെ അർത്ഥതലങ്ങളെ കണ്ടെത്തേണ്ടിവരും. ഒന്നുമില്ലായ്മയ എന്നൊരവസ്ഥ എബ്രായസംസ്കാരത്തിൽ അക്കാലത്ത് മനസ്സിലാക്കിയിരുന്നില്ല. പാഴും ശൂന്യവും സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ കലുഷിതാവസ്ഥയെ കാണിക്കുന്നു. സൃഷ്ടി ആയിപ്പോകാവുന്ന ദുരവസ്ഥയാണ് ഈ വാക്യങ്ങൾ വിരൽചൂണ്ടുന്നത്. സൃഷ്ടിയുടെ അധഃപതനം എല്ലാ സംതുലനാവസ്ഥയേയും നശിപ്പിച്ച് പാഴും ശൂന്യവുമാക്കുന്നു. ഏതു നല്ല സൃഷ്ടിക്കും പിന്നിലെ കറുത്ത നിഴൽ (ഇരുൾ) സൃഷ്ടിയിലെ ക്രിയേറ്റീവ് പൊട്ടൻഷിയാലിറ്റി ഒരുവിധത്തിലും ഉപയോഗപ്രദമാക്കാൻ കഴിയാത്ത "ശൂന്യത" ഇന്നും നമുക്ക് ദർശിക്കുവാൻ കഴിയും.

ഓർഡർലെസ് ആയ ഇടങ്ങളെയെല്ലാം ഈ പദം ഉൾപ്പെടുത്തുന്നുണ്ട്. ക്രമരാഹിത്യം ഒന്നുമില്ലായ്മയേക്കാൾ ഭീകരമാകാം. "A misplaced book in a library is a missed one. ക്രമം ആണ് എല്ലാറ്റിനേയും പൂർണ്ണമായി വെളിപ്പെടുത്തുന്നത്. ക്രമമില്ലാത്തിടങ്ങളിൽനിന്ന് ക്രമത്തിലേക്ക് വരുത്തുന്നതും സൃഷ്ടി പ്രക്രിയയുടെ ഭാഗമാണ്. ആരുടെ ക്രമത്തിലാണ് നാം ജീവിക്കുന്നത്? മനുഷ്യനിർമ്മിതങ്ങളായ ക്രമങ്ങളോ, സ്രഷ്ടാവിന്റെ ക്രമമോ, ഏതാണ് ഇന്ന് ഈ പ്രപഞ്ചത്തെ അടക്കിവാഴുന്നത്? പ്രകൃതിയുടെ സംതുലനാവസ്ഥയെപ്പോലും ശൂന്യതയും പാഴുമാക്കിമാറ്റുന്ന ഇന്നത്തെ മനുഷ്യന്റെ പ്രവണതകളിൽനിന്ന് സ്രഷ്ടാവിന്റെ ക്രമത്തിലേക്ക് ഒരു യാത്ര അനിവാര്യമല്ലേ?

**ആത്മാവിന്റെ വ്യാപാരം (1:2)**

ആഴത്തിന്മീതെ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചുകൊണ്ടിരുന്നു - ഇരുളിന്റെ ഇടത്ത് ആത്മാവിന്റെ പരിവർത്തനം അനിവാര്യമാണ്. വെളിച്ചത്തിന്റെ സാന്നിദ്ധ്യമില്ലാത്ത (absense of light) ഇടങ്ങൾ നിത്യവെളിച്ചത്തിലേക്ക് നയിക്കപ്പെടണം. സൃഷ്ടിപ്രക്രിയ ഇന്നും തുടരുന്നത് അപ്രകാരമാണ്. 'പരിവർത്തനത്തിന്റെ ആത്മാവ്' അത് തുടർസൃഷ്ടിയുടെ സാധ്യതയാണ് വിവരിക്കുന്നത്. മുട്ടയുടെ മുകളിൽ പൊരുന്നയിരിക്കുന്ന അമ്മക്കോഴിയെപ്പോലെയാണ്, ആത്മാവ് കലുഷിതമായതിൽനിന്ന് തന്റെ സൃഷ്ടിയെ മെനഞ്ഞുണ്ടാക്കുന്നത് (from chaos to creation). കലുഷിതമായ സമുദ്രത്തിൽനിന്ന് (വെളി 21:1) പളുങ്കുപോലെ ശുഭമായ ജീവജലനദിയിലേക്കുള്ള (വെളി. 22:1) പരിവർത്തനം സൃഷ്ടിപ്രകൃയയുടെ പ്രധാനഘടകമാണ്. ആകാശവും ഭൂമിയും ഉൽപ്പത്തിയുടെ ഭാഗമാകുമ്പോൾ സമുദ്രം ഇല്ലാത്ത പുതിയ ആകാശവും പുതിയ ഭൂമിയും ഇന്നിന്റെ സാധ്യതകളെ വരച്ചുകാട്ടുന്നു. സൃഷ്ടിപ്രക്രിയയിൽ തന്നെ ഈ സാധ്യതകളെ ഉൾപ്പെടുത്തിയ ദൈവം എന്നും പുതുക്കപ്പെടേണ്ടുന്ന അനുഭവങ്ങളെക്കുറിച്ച് നമ്മെ ബോധമുള്ളവരാക്കുന്നു. വെളിച്ചത്തിന്റെയും ജീവജലനദിയുടെയും സാന്നിദ്ധ്യമാകേണ്ടുന്ന ലോകം ഇന്ന് ഇരുളും സമുദ്രവും വാഴുന്ന "അധോലോകം" ആയി അധഃപതിച്ചിട്ടുണ്ടോ? ഇവിടെയാണ് ദൈവാത്മാവിന്റെ വലിയ സാന്നിദ്ധ്യം ഉണ്ടാകേണ്ടത്. ആത്മാവിന്റെ പ്രവർത്തനങ്ങളെ കേവലം ചില 'ഉച്ചാരണ'ങ്ങളാക്കി ചുരുക്കിക്കളയാതെ അനന്തമായ വെളിച്ചത്തിന്റെ പൊരുളിലേക്കുള്ള സാധ്യതയായി ഉൾക്കൊള്ളണം.

സൃഷ്ടിയിലൂടെ തന്റെ ലക്ഷ്യങ്ങളെ പൂർത്തീകരിക്കുന്ന ദൈവം ഓരോ സൃഷ്ടിക്കും തനതായ ലക്ഷ്യം നൽകിയിരിക്കുന്നു. തിരികെ വിളിക്കും മുമ്പേ നമ്മുടെ ലക്ഷ്യം കണ്ടെത്തണം. മുമ്പിൽ കാണുന്നതും കാണാൻ സാധിക്കാത്തതും എല്ലാം ആ വലിയ കലാകാരന്റെ പദ്ധതികൾക്കുള്ളിലെ ദൈവീകസാന്നിദ്ധ്യം ആണെന്ന് നമുക്ക് തിരിച്ചറിയാം. ഇരുളും ക്രമരാഹിത്യവും ഒന്നിന്റെയും അവസാനമല്ല. പരിവർത്തനത്തിന്റെ സാധ്യത, സൃഷ്ടിക്കുള്ളിലെ പുതുജീവന്റെ പ്രത്യാശയാണ്. മടങ്ങിവരാൻ കഴിയാതെവണ്ണം ഒന്നും നഷ്ടമായിട്ടില്ല.

• • • • •

## ഭദ്രാസന കുടുംബസംഗമം 2017

**സ്ഥലം : ഈശോ മാർ തിമൊഥെയോസ് സ്പിരിച്ചാലിറ്റി സെന്റർ, അടൂർ**

**തീയതി: 2017 ജനുവരി 26, രാവിലെ 9 മണി മുതൽ 1.30 വരെ**

**വിഷയം: കുടുംബം: കൃപയുടെ കലവറ**

**ഏവരും കുടുംബമായി സംബന്ധിക്കണമെ**



ലിനോ എ. തരകൻ
മാർത്തോമ്മാ കോളേജ്, ആയൂർ

# പൂജ്യത്തിന്റെ വഴിയേ സഞ്ചരിക്കുന്നവർ

**പൂ**ജ്യം - ശൂന്യമായ നിശ്ചലമായ ജീവിതത്തിന്റെ പരിച്ഛേദമാണ്. നഷ്ടങ്ങൾ മാത്രം പ്രളയമായി സ്വീകരിച്ചവർ. ജീവിതത്തിൽ ആരും കൂട്ടു പോകാൻ മടിക്കുന്നവർ, തിരസ്കാരങ്ങൾക്കു മറുപടി പറയാൻപോലും ത്രാണിയില്ലാത്ത പുറമെ തന്റേടത്തിന്റെ അഹങ്കാരത്തിന്റെയൊക്കെ മൂടു പടമണിഞ്ഞു സ്വയം ഉരുകുന്ന ചിലരെയെങ്കിലും നാം ശ്രദ്ധിച്ചിട്ടും അറി ഞ്ഞോണ്ട് മറികടന്നും പോയിട്ടുണ്ടാകാം. ജീവിതത്തിന്റെ സങ്കീർണ്ണത കളെ എവിടെയൊക്കെയോ സ്വീകരിക്കാൻ വിമുഖത കാണിച്ച ചില "ജന്മ ങ്ങൾ". മറ്റുള്ളവരുടെ ചില "ശരികളെ" സ്വന്തം മനഃസാക്ഷിക്ക് സ്വീക രിക്കാൻ കഴിയാതെ കൂട്ടത്തിൽ ആയിരുന്നിട്ടും ഒറ്റപ്പെട്ടുപോയ ചിലർ. അവസാനം ഭൂരിപക്ഷത്തിന്റെ ശരികളൊക്കെ തെറ്റായിരുന്നിട്ടും മുഴുവൻ പിഴകളും നെഞ്ചിൽ സ്വീകരിക്കാൻ വിധിക്കപ്പെട്ടവർ. മറ്റുള്ളവരുടെ മുന്നിൽ പൂജ്യമായി സ്വയം നിൽക്കാൻ അഗ്രഹിച്ചുകൊണ്ട് അകത്തേക്ക് ഉൾവലിയുന്നവർ. ചിലപ്പോൾ ചില "ഒന്ന്" മതിയാകും അവരെയൊക്കെ ജീവിതത്തിലേക്കു തിരികെ കൊണ്ടുവരാൻ. കൂടൊന്നു നിൽക്കാൻ കൈയിലൊന്നു പിടിച്ചു വെറുതെയൊന്നു സാന്ത്വനിപ്പിക്കാൻ. അങ്ങനെ പൂജ്യത്തെ പത്താക്കി മാറ്റാൻ നമുക്കൊക്കെ സാധിക്കാം. നമ്മുടെ യൊക്കെ കൈയിലുള്ള ചില ''ഒന്നു''കളാണ് നമ്മുടെ സമയവും പ്രോത്സാഹനവും പ്രചോദനവുമൊക്കെ.

തിരയിൽ നഷ്ടപ്പെട്ട ചിലർക്കെങ്കിലും അപ്രതീക്ഷിതമായ നമ്മുടെ ചില ചിരികളും സ്പർശനവുമൊക്കെ തിരികെ തുഴയുവാനുള്ള വലിയ വിശ്വാസം സൃഷ്ടിക്കുവാൻ സാധിക്കുമായിരിക്കും. ചിലർക്കെങ്കിലും ഒന്ന് തിരികെ വരുവാൻ തിരസ്കാരത്തിന്റെ കടലിലെ ഒരു പൊങ്ങുതടിയായി നമുക്ക് മാറുവാൻ സാധി ക്കുന്നുണ്ടോ. അവിടെയാണ് നമ്മിൽ "ഒന്നിന്റെ" പ്രസക്തി. വെറും പൂജ്യങ്ങ ളായ ജീവിതങ്ങൾ നമ്മളിലെ ചില ''ഒന്നു''കളുമായി ചേർത്തു നിർത്താൻ നമുക്ക് മനസ്സുണ്ടോ? ചില ജീവിതങ്ങളെയെങ്കിലും നമ്മുടെ വലത്തുഭാഗത്തായി ചേർത്ത് നിർത്തി പൂജ്യത്തെ പത്താക്കി മാറ്റുവാനുള്ള വലിയ വിളികളെ നമുക്ക് സ്വീകരിക്കേണ്ട തുണ്ട്. ചില ലാഭങ്ങൾ നമുക്ക് വേണ്ടെന്നുവെച്ച് ചില നഷ്ട ങ്ങൾക്കൊപ്പം കൂട്ടുപോകേണ്ടത് ക്രിസ്തു പറഞ്ഞുവെച്ച വലിയ സത്യങ്ങൾ ശിരസ് കുനിച്ചുകൊടു ക്കലാണ്. ഓരോ പൂജ്യത്തിനൊപ്പ



മുള്ള യാത്രകളും ഇടയ്ക്കെപ്പോഴേ നമുക്കൊപ്പം സഞ്ചരിച്ച ദൈവകൃപയുടെ പകരംവെയ്ക്കലുകളാണ്. കാരണം നാമൊക്കെ എപ്പോഴെങ്കിലുമൊക്കെ പൂജ്യമായിപ്പോയ സമയങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ ആരെങ്കിലുമൊക്കെ നമ്മെ പതിന്മടങ്ങായി ഉയർത്തെഴുന്നേൽപ്പിച്ചതു ചില അപരശക്തികൾ നമുക്കൊപ്പം  ചേർന്നുനിന്നതു കൊണ്ടാകാം. ചേർന്നുനിൽക്കു എന്നാൽ ചാരത്തുണ്ടാകുക എന്നതാണ്. ശൂന്യമായിപ്പോയവന്റെ ചാരത്തു ഒരു ശബ്ദമായി ചിലപ്പോൾ അവന്റെ ശ്വാസമായി ഒക്കെ ആ ശൂന്യതയിൽ സ്വന്തം നിഴൽപോലും കൂട്ടില്ലാതിരിക്കുന്നവർക്ക് ഒരിത്തിരി വെളിച്ചം നൽകാനുള്ള വലിയ വിളിയും ആഹ്വാനവും. വലിയ അധ്വാനം ഒന്നും ആവശ്യമില്ല അതിന്. ക്രിസ്തു കാണിച്ച വഴിയിലൊക്കെ ഈ അടയാളങ്ങളുണ്ട്. ശൂന്യമായിപ്പോയ മനസ്സിലേക്ക് "നീ പോക, നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു" എന്ന വലിയ ശബ്ദങ്ങൾ ഇപ്പോഴും നമ്മിൽ പലരും കേൾക്കുന്നുണ്ട്. അപ്പോൾ പൂജ്യത്തിനൊപ്പം കൂട്ടുപോകുക എന്നാൽ നമ്മളിലെ "ഒന്ന്" ഒരു മെഴുകുതിരിപോലെ അവനൊപ്പം കത്തിച്ചുപിടിക്കുക എന്നതുതന്നെയാണ്.

പലയിടങ്ങളിലും നമുക്ക് ചുറ്റുമുള്ളവരുടെ ചിലരുടെയെങ്കിലും ചില വെളിച്ചങ്ങൾ നമ്മൾ പൂജ്യമായിപ്പോകാമായിരുന്ന പല സ്ഥലങ്ങളിലും മുന്നോട്ടുജീവിക്കാനുള്ള കൈവഴികൾ ആയിട്ടുണ്ട് എന്ന് നാം സൗകര്യപൂർവ്വം മറന്നുപോകുന്നു. അങ്ങനെയുള്ള നമ്മളാണ് എല്ലാം നഷ്ടപ്പെട്ടു നാല് ചുവരുകൾക്കു നടുവിൽ ഒറ്റപ്പെട്ടുപോയ ജീവിതത്തെ നോക്കി "അതവന്റെ വിധി" എന്ന് അടക്കം പറഞ്ഞ് അവരെ നോക്കി സഹതപിക്കുന്നത്. നമുക്ക് ചുറ്റുമുള്ള പല ചുവരുകൾക്കും അവരുടെ ചുവരിനേക്കാൾ ഘനം കൂടുന്നുണ്ട്. നമ്മൾ ശ്രദ്ധിക്കുന്നില്ല. നമ്മളെ നിർത്തിയ ക്രിസ്തു; നമ്മൾ ആരെയൊക്കെ നിർത്തി? എന്ന മറുചോദ്യം ചോദിക്കുന്ന ചെറിയ ഇടവേളകൾ വരും. "ഞാൻ ആരെയും കണ്ടില്ല" എന്ന സ്ഥിരം ഉത്തരം നാം പറയുമ്പോൾ "നിന്നെ ഞാൻ അറിയുന്നില്ല" എന്ന മറുപടികൊണ്ട് നമ്മളെ ശൂന്യമാക്കാൻ ക്രിസ്തുവിനു സാധിക്കും.

ഒരു സഞ്ചാരം ആവശ്യമാണ്. ശൂന്യമായിപ്പോയ ജീവിതങ്ങളിലൂടെ. സഞ്ചാരം അവരുടെ ജീവിതത്തിനെ അപഗ്രഥനം നടത്താനല്ല. മറിച്ച്, അവൻ അല്ലെങ്കിൽ അവൾ നടന്ന കനൽവഴികളിലൂടെ നടന്നു അനുഭവങ്ങളിലൂടെ അവരെയൊക്കെ ഒന്ന് അടുത്തറിയുന്നത് നന്നാകും. ചിലപ്പോൾ ക്രിസ്തു കടന്നുപോയ വഴികളുമായി അതിനൊക്കെ സാമ്യങ്ങൾ ഉണ്ടായാൽ അറിയാതെ നാം ഹൃദയംകൊണ്ട് അത്തരക്കാരെ നമിച്ചുപോകും.

ഒരു പൊതിച്ചോറുമായി യാത്രപോകുന്ന മനുഷ്യൻ നടന്നുതളർന്നു ക്ഷീണമാകുമ്പോൾ അത് തുറന്നു ഭക്ഷിക്കുന്നു. തോളിലെ ഭാണ്ഡത്തിലെ ഭാരം ആ പൊതിച്ചോറായിരുന്നു അതുവരെ. അത് ചുമന്നു നടന്ന ക്ഷീണത്തിൽ അത് തിന്നു തൃപ്തിയടയുന്നു. ഭാരം തലയിലെ ഭാണ്ടത്തിൽനിന്ന് ആമാശയത്തിലേക്ക് മാറി എന്നുമാത്രം. പക്ഷെ പിന്നെയങ്ങോട്ട് നടക്കുവാനുള്ള ബലം അതിൽനിന്നാണ്. ആ പാഥേയത്തിന്റെ സ്ഥാനം മാറിയെന്നു മാത്രം.ഒരുവന് കൂട്ടുപോകുന്നതും അവൻ നടന്ന വഴിയിലൂടെ അവന്റെ ആത്മസംഘർഷത്തിലൂടെയൊക്കെ നടക്കുന്നതും രണ്ടും രണ്ടാണ്. ചിലർക്കെങ്കിലും നമ്മൾ വഴിച്ചോറുകളാണ്. നമ്മൾ കൂടെ നടക്കുമ്പോൾ അവർ നമ്മളെ ഊർജ്ജമായി ഹൃദയത്തിൽ സ്വീകരിക്കണം. അല്ലാത്ത യാത്രകളൊക്കെ പുറംകാഴ്ചകളിൽ മയങ്ങി ഉള്ളം ഉള്ളത്തെ അറിയാതെ മേൽപ്പരപ്പിലൂടെ തെന്നിമാറലാണ്. ജീവിതസംഘർഷങ്ങളിൽ മനസ് നഷ്ടപ്പെട്ടവർക്ക് ആഹാരമാകാനുള്ള വലിയ വെല്ലുവിളിയാണ് ഓരോ യാത്രകൾക്കും ഒപ്പം നമുക്കുമുന്നിൽ തുറന്നുവയ്ക്കപ്പെട്ട നമ്മുടെ ജീവിതം.

ശൂന്യമായിപ്പോയവർക്കൊപ്പം നടക്കുക. എന്നാൽ ക്രിസ്തുവിനൊപ്പം നടക്കുക. എന്നതു തന്നെയെന്ന് തിരിച്ചറിയപ്പെടുന്ന ഇടങ്ങളിൽ നമുക്ക് സ്നേഹത്തിന്റെ സ്മാരകങ്ങൾ പണിയേണ്ട ഇടങ്ങളാകാം. നമ്മുടെ വഴികളിലൊക്കെ ഇത്തരം കനലിൽ തീർത്ത സ്മാരകങ്ങൾ ഉണ്ടാകണം. ശൂന്യമായിപ്പോയവർക്കൊപ്പം നടന്നു അവരെ ചിരിക്കാൻ പഠിപ്പിക്കുന്ന ജീവിക്കാൻ പഠിപ്പിക്കുന്ന ഹൃദയവിദ്യാലയങ്ങൾ ആയി നമുക്ക് മാറാം.

# വികസനസംഘം

**അടൂർ ഭദ്രാസന വികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ മാനസികാരോഗ്യദിനാചരണത്തോടനുബന്ധിച്ച് അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ 2016 ഒക്ടോബർ 10 – ന് സെമിനാർ നടത്തപ്പെട്ടു. അഭിവന്ദ്യ ഏബ്രഹാം മാർ പൗലോസ് തിരുമേനി ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഡോ. എ.ജെ ജോൺ "മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ ഏവർക്കും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. ഭദ്രാസന സെന്റർ ചുമതലക്കാർ നേതൃത്വം നൽകി.**



# വചനാധിഷ്ഠിത ജീവിതത്തിന്റെ ആധുനികകാല വെല്ലുവിളികൾ

**മതേതരത്വം ഭാരത ജനാധിപത്യത്തിന്റെ കാതലാണ്. വിവിധ മതങ്ങളിൽപ്പെട്ടവർ അവരുടെ മതാചാരങ്ങളും അനുഷ്ഠാനങ്ങളും പൂർത്തീകരിക്കുമ്പോൾത്തന്നെ അതിനപ്പുറം മതാതീതമായ ഒരു സാഹോദര്യം പുലർത്തുന്നതാണ് മതേതരത്വം.**



എബി പാപ്പച്ചൻ

ആധുനിക സമൂഹം ശുഭകരമല്ലാത്ത ഒരു കാലത്തിലൂടെ കടന്നുപോകുകയാണെന്ന് തോന്നുന്നു. കാശ്മീരിൽ ഇന്ത്യയ്ക്കെതിരെ യുദ്ധം ചെയ്തുവെടിയേറ്റുവീണ ചെറുപ്പക്കാരന്റെ മാതൃഭാഷ മലയാളമാണെന്നുതിരിച്ചറിഞ്ഞതിന്റെ ആഘാതത്തിൽ നിന്നും നാം മോചിതരായിട്ടില്ല. യാത്രാവാഹനം യാത്രയ്ക്കുമാത്രമല്ല ഒരു സ്ത്രീജന്മത്തെ വല്ലാതെ പിച്ചിച്ചീന്തി വലിച്ചെറിയാനുമുള്ളതാണെന്ന് വേദനയോടെ നാം തിരിച്ചറിഞ്ഞു. അഴിമതിയുടെ കഥകൾ ലക്ഷങ്ങളിൽനിന്നും കോടികളിലേക്കും കോടാനുകോടികളിലേക്കും വികസിക്കുന്നതിന്റെ പണക്കിലുക്കം നമ്മെ അസ്വസ്ഥരാക്കുന്നു. ഭാരതജനതതിയോട് താദാത്മ്യം പ്രാപിക്കാൻ വേണ്ടി അൽപ്പവസ്ത്രധാരിയായ അർത്ഥനഗ്നനായ ഫക്കീർ നടന്നുപോയ ഭാരതത്തിന്റെ വീഥികളിലൂടെ മകളുടെ വിവാഹത്തിന് അഞ്ഞൂറുകോടി ചെലവഴിച്ച പൊതുപ്രവർത്തകന്റെ ആർഭാടക്കാർ ഒഴുകി നടക്കുന്നു. മതബോധം നഷ്ടപ്പെട്ട മതവികാരം മാത്രം കൈമുതലായ വരുടെ അട്ടഹാസങ്ങൾ ഭാരതത്തിന്റെ തെരുവുകളെ പോർക്കളങ്ങളാക്കി ത്തീർക്കുന്നു. കള്ളപ്പണത്തിന്റെയും, ധന ദുർവിനിയോഗത്തിന്റെയും കരാളഹസ്തങ്ങളിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കുവാൻ ഇന്ത്യൻ കറൻസി തന്നെ അസാധുവാക്കേണ്ടിവരുന്ന ദുരവസ്ഥ.

ക്രിസ്ത്യാനികളിൽ പൊതുവെ ആരോപിക്കപ്പെടുന്ന നിസ്സംഗതയോടെ ഈ പ്രശ്നങ്ങളെയൊക്കെ ഒരുദിവസം മാത്രം ആയുസ്സുള്ള ബ്രേക്കിംഗ് ന്യൂസുകളായി കണ്ട് നമ്മുടെ സുരക്ഷിതത്വങ്ങളിലേക്ക് ഓടിയൊളിക്കാൻ വരട്ടെ. അന്തർസംസ്ഥാന വാഹന മോഷണ കേസുകളിൽ പ്രതികളാകുന്നവർ എഞ്ചിനീയറിംഗ് ബിരുദധാരികൾ ആണെന്നതും അവരിൽ ഭൂരിപക്ഷം പേരും ക്രിസ്തീയ നാമധാരികളാണെന്നതും നൽകുന്ന സൂചന നമുക്ക് അസ്വസ്ഥത ഉണ്ടാക്കേണ്ടതല്ലേ. വർണ്ണവെറിയുടെ വൃത്തികെട്ട കാലങ്ങളിൽപ്പോലും ഒരു ക്രിസ്ത്യാനിയെ തൊട്ടാൽ അവൻ ശുദ്ധനാകുമെന്ന് സമൂഹത്തെ

വിശ്വസിപ്പിക്കാൻകഴിഞ്ഞ പൂർവ്വികരുടെ വിശ്വസ്തത നമുക്കെവിടെയാണ് കൈമോശം വന്നത്. പിതാവിനെ കൊലപ്പെടുത്തി മൃതദേഹം വിവിധയിടങ്ങളിൽ നിക്ഷേപിച്ച മകന്റെ പേരും ക്രിസ്ത്യാനിയുടേതാണ്. ആട് ആന്റണി പോലുംപേരുകൊണ്ട് ക്രിസ്ത്യാനിയാകുന്നു. സഭാതർക്കങ്ങളുടെ പേരിൽ തെരുവുകളെ അടർക്കളമാക്കുന്നവരുടെ ആക്രോശങ്ങളും ക്രിസ്തീയ പൊതുഇടങ്ങളിൽ അശാന്തി സൃഷ്ടിക്കുന്നു. ശരിയായ വേദപുസ്തക വിദ്യാഭ്യാസത്തിന്റെ അഭാവം മൂലമുണ്ടാകുന്ന തർക്കങ്ങളും കേരളീയ പൊതുസമൂഹത്തിൽ നമ്മെ പരിഹാസ്യരാക്കുന്നു.

നമുക്ക്എവിടെവച്ചോ, എന്തൊക്കെയോ കൈമോശം വന്നിരിക്കുന്നു.

**കഠിനാധ്വാനത്തിന്റെ കനൽ വഴികൾ**

കേരള ചരിത്രം രചിക്കുന്നവർക്ക്, ക്രിസ്ത്യാനികളെക്കുറിച്ച് പരാമർശിക്കുമ്പോൾ അവർ കഠിനാധ്വാനത്തിന്റെ പിൻബലത്തോടെ നടത്തിയ കുടിയേറ്റങ്ങളെക്കുറിച്ച് പറയാതെ കടന്നുപോകാനാകില്ല. വന്യമൃഗങ്ങൾ നിറഞ്ഞ കൊടും കാടുകളിലേക്ക് ദൈവസ്നേഹത്തിന്റെ കരുത്തും, അതിൽനിന്നുണ്ടാകുന്ന ചങ്കുറപ്പും കൈമുതലായി കടന്നുചെന്ന് അത്ഭുതങ്ങൾ സൃഷ്ടിച്ചവരുടെ ദീപ്തമായ ചരിത്രം. ദൈവ കൃപയുടെ തണലിൽ പാഴ്മണ്ണിനെ സ്വർണ്ണ മാക്കാനും, അവിടെനിന്നും കനകം വിളയിക്കാനും അവർക്ക് കഴിഞ്ഞു. ഭാര്യയും ഭർത്താവും ഒന്നിച്ച് കൃഷിയിടങ്ങളിലേക്കിറങ്ങി കുട്ടികളുടെ പങ്കാളിത്തത്തോടെ സൃഷ്ടിച്ച കാർഷിക വിള വെടുപ്പുത്സവങ്ങളാണ് ഇന്നത്തെ മലബാറിന്റെ സാമ്പത്തികവും സാമൂഹികവുമായ അടിത്തറ എന്നതിൽ തർക്കമുണ്ടാകാനിടയില്ല. പിൽക്കാലത്ത് കേരളത്തിൽനിന്ന് വിദേശരാജ്യങ്ങളിലേക്ക് ഒരു പ്രവാഹം ഉണ്ടായപ്പോഴും അതിന്റെ നേതൃത്വം നമുക്കായിരുന്നു. മണലാരണ്യങ്ങളിൽ ഉറ്റവരെ അകന്ന് കഠിനാധ്വാനത്തിന്റെ പാതയിൽ സഞ്ചരിച്ചവർ നേടിയ വിദേശനാണ്യം കേരളീയ പൊതുസമൂഹത്തിൽ വലിയ മാറ്റങ്ങളാണുണ്ടാക്കിയത്. മത്സ്യബന്ധന മേഖലയിലും നമ്മുടെ വിയർപ്പിന്റെ ഗന്ധമുള്ള വിജയഗാഥകൾ കാണാം. ചുരുക്കത്തിൽ ക്രിസ്ത്യാനികൾ കഠിനാധ്വാനത്തിലൂടെ അവരുടെ ജീവിതവും അവരുൾപ്പെടുന്ന സമൂഹത്തിന്റെ പുരോഗതിയും ലക്ഷ്യമിടുന്നവരായിരുന്നു. അങ്ങനെയായിരിക്കാം കേരള ചരിത്രമെഴുതുന്നവർ കേരളത്തിലെ ക്രിസ്ത്യാനികളെ അടയാളപ്പെടുത്തുക.

ഈ അധ്വാന മനോഭാവം നമുക്ക് എവിടെയോ നഷ്ടപ്പെട്ടുവോ? കുറുക്കുവഴികളിലൂടെ സമ്പന്നരാകുവാനുള്ള സൂത്രപ്പണികളിലാണ് നാമിപ്പോൾ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻതോട്ടത്തിൽ വേല ചെയ്വാനും അതിനെ കാപ്പാനും അവിടെയാക്കി എന്ന് ഉൽപ്പത്തി പുസ്തകത്തിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യനെ ഭൂമിയിൽ ദൈവം നിയോഗിച്ചിരിക്കുന്നതുതന്നെ ഭൂമിയിൽ അധ്വാനിക്കുന്നതിനും, ഭൂമിയെ സംരക്ഷിക്കുന്നതിനുമാണ്.വിജയത്തിലേക്ക് കുറുക്കുവഴികളില്ല എന്നുനാം തിരിച്ചറിയണം. ക്രിസ്തുവിന്റെ അത്ഭുത പ്രവൃത്തികൾ പരിശോധിച്ചാൽ ഇത് വ്യക്തമാകും. ആഴത്തിലേക്ക് വലയെറിഞ്ഞവരുടെ അധ്വാനം, കൽരണികളിൽ വെള്ളംനിറച്ചവരുടെ അധ്വാനം, മേൽക്കൂര പൊളിച്ച് കിടക്കയോടെ രോഗിയെ ക്രിസ്തുസന്നിധിയിലെത്തിച്ചവരുടെ അധ്വാനം. അങ്ങനെ അധ്വാനത്തെ വാഴ്ത്തിയാണ് ദൈവം അത്ഭുതങ്ങൾ സൃഷ്ടിച്ചത്.നോക്കൂ നിങ്ങളുടെ പടകിൽ പെരുത്ത മത്സ്യക്കൂട്ടം എന്ന് പറയാതെ ''ആഴത്തിലേക്ക് നീക്കി വലയെറിയൂ'' എന്ന് പറയുമ്പോൾ ക്രിസ്തു ലക്ഷ്യംവച്ചത് അധ്വാനത്തിന്റെ മഹത്വം മാനവരാശിക്ക് ബോധ്യപ്പെടുത്തുകയാണ്. ദൈവാശ്രയത്തോടെ, വചനവഴികളിലൂടെ നമ്മുടെ കഠിനാധ്വാനത്തിന്റെ ഇടങ്ങളിലേക്ക് ഒരു തിരിച്ചുപോക്ക് കാലം ആവശ്യപ്പെടുന്നു.

**വർഗീയതയെക്കുറിച്ച്** .

മതേതരത്വം ഭാരതജനാധിപത്യത്തിന്റെ കാതലാണ്. വിവിധ മതങ്ങളിൽപ്പെട്ടവർ അവരുടെ മതാചാരങ്ങളും അനുഷ്ഠാനങ്ങളും പൂർത്തീകരിക്കുമ്പോൾത്തന്നെ അതിനപ്പുറം മതാതീതമായ ഒരു സാഹോദര്യം പുലർത്തുന്നതാണ് മതേതരത്വം. നമ്മുടെ മതത്തെ ഉൾക്കൊള്ളുമ്പോൾത്തന്നെ മറ്റ് മതങ്ങളിൽ വിശ്വസിക്കുന്നവരെ തികഞ്ഞ സഹിഷ്ണുതയോടെ സ്നേഹിക്കാൻ കഴിയുന്ന അവസ്ഥ.

സമീപകാല കേരളസമൂഹം ഇതിൽ നിന്നും വ്യത്യസ്തമായ ഒരുകാഴ്ച്ചപ്പാടിലേക്ക് നീങ്ങുന്നുവെന്ന് ന്യായമായി സംശയിക്കാം. ജാതീയമായ വോട്ടുബാങ്ക് രാഷ്ട്രീയത്തിലേക്ക് മതം മാറുന്ന കാഴ്ച. ചില ക്രൈസ്തവ സഭകളും ഇത്തരം നീക്കങ്ങൾക്ക് പിന്തുണ നൽകുന്നു എന്നത് ഒട്ടും ആശ്വാസ്യമല്ല. പൊതുസമൂഹം ജാതിയുടെയും മതത്തിന്റെയും പേരിൽ നെടുകെ പിളർന്നുനിൽക്കുന്ന വ്യവസ്ഥിതി ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഈ അപചയത്തിൽ പങ്കുണ്ട്.

ഡോക്ടറെ കാണാൻ പോകുമ്പോൾ, ഓട്ടോറിക്ഷ വിളിക്കുമ്പോൾ, ഒരു ഇലക്ട്രീഷ്യനെ

വിളിക്കുമ്പോളൊക്കെ അയാളുടെ ജാതിയും, മതവും പരിഗണിക്കാൻ ഒരാൾ തയാറാകുന്നുവെങ്കിൽ അയാളുടെ മാനസികനിലയെ സംബന്ധിച്ച് കൃത്യമായി ചികിത്സ ആവശ്യമായിരിക്കുന്നു എന്നുവേണം മനസ്സിലാക്കുവാൻ. അത്തരം അവസ്ഥയിലേക്ക് സമൂഹത്തെ തള്ളിവിട്ടുകൂടാ. വളരെ ജാഗ്രതയോടെ ഇവിടെ നാം ഇടപെടേണ്ടതുണ്ട്.

ക്രിസ്തുജീവിതത്തിലേക്ക് കണ്ണോടിക്കുമ്പോൾ തികച്ചും മതാതീതമായ നിലപാടുകളാണ് കാണാൻ കഴിയുന്നത്. ക്രിസ്തു അത്ഭുതങ്ങൾ ചെയ്തത് യഹൂദൻമാരിൽനിന്നും പാർശ്വവൽക്കരിക്കപ്പെട്ടവരെയും, വിജാതീയരെയും സഹായിക്കാൻ വേണ്ടിയായിരുന്നു. ചുങ്കക്കാരെപ്പോലെ, സമൂഹത്തിൽ വല്ലാതെ ഒറ്റപ്പെട്ടവർക്കുവേണ്ടി ഇടപെടുന്ന ദൈവം. നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന വിശ്വവിഖ്യാതമായ ഉപദേശം ലോകജനതയ്ക്ക് നൽകുവാൻ നല്ല ശമര്യാക്കാരന്റെ കഥ യേശു പറഞ്ഞത് യാദൃശ്ചികമല്ല. എന്താണ് മനുഷ്യസ്നേഹമെന്ന് ലോകത്തോടുപറയാൻ വിജാതീയനായ ഒരു ശമര്യാക്കാരനെ ക്രിസ്തു തെരഞ്ഞെടുത്തെങ്കിൽ അത്, നാം എല്ലാ മനുഷ്യരിലെയും നന്മയെ കാണണമെന്നും, അതിനെ ബഹുമാനിക്കണമെന്നുമുള്ള കൃത്യമായ സന്ദേശമാണ്. വചനവഴികളിലൂടെ മതത്തിനും, ജാതിക്കും അതീതമായ ഒരു സാഹോദര്യത്തിലേക്ക് ക്രിസ്ത്യാനി തിരിച്ചുപോകേണ്ടതുണ്ട്.

**നിസ്സംഗതയെക്കുറിച്ചുതന്നെ...**

നിസ്സംഗത ഒരു ശാപമായി മാനവരാശിയെ കാർന്നുതിന്നുകയാണ്. യാത്രയ്ക്കിടയിൽ ചവിട്ടി മെതിക്കപ്പെട്ട സൗമ്യയും, രാഷ്ട്രീയ സംഘട്ടനങ്ങളിൽ വെട്ടേറ്റുവീഴുന്ന ചെറുപ്പക്കാരും, എൻഡോസൾഫാൻ ഇരകളുടെ രോദനവും, ആദിവാസി സമൂഹത്തിന്റെ നിലനിൽപ്പിനായിട്ടുള്ള പോരാട്ടങ്ങളും വൈകുന്നേരങ്ങളിൽ തീൻ മേശയിൽ ഭക്ഷണത്തോടൊപ്പം വിളമ്പുന്ന മാധ്യമ വിവങ്ങൾ മാത്രമായി മാറുന്നു.

പ്രവർത്തിക്കേണ്ടിടത്ത് വെറുതെയിരിക്കുന്നതാണ് പാപമെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ എന്ന ദൈവകൽപ്പന നിരസിച്ച് നിസംഗതയോടെ ഉറങ്ങുന്ന ശിഷ്യരെ ശാസിക്കുന്ന ക്രിസ്തുവിനെയാണ് ഇവിടെ ഓർക്കേണ്ടത്. തനിക്കെതിരേയുള്ള ഒരനീതിയോടും ക്രിസ്തു രൂക്ഷമായി പ്രതികരിച്ചിട്ടില്ല. ക്രൂശിക്കാൻ വിധിക്കപ്പെടുമ്പോൾ, ചമ്മട്ടികൊണ്ട് അടിയേൽക്കുമ്പോൾ, മുൾക്കീരിടം അണിയിക്കുമ്പോൾ, ക്രൂശിക്കപ്പെടുമ്പോൾ, ഒക്കെ ശാന്തതയോടെ അതിനെ സ്വീകരിക്കുന്ന ക്രിസ്തു. ഇവരോട് ക്ഷമിക്കേണമേ എന്ന് യാചിക്കുന്ന ക്രിസ്തു. ചിലയിടങ്ങളിൽ പ്രതികരിക്കാതിരിക്കലാണ് ശക്തമായ പ്രതികരണമെന്ന് ക്രിസ്തു പഠിപ്പിക്കുന്നു. ടോൾസ്റ്റോയിയുമായുള്ള കത്തിടപാടുകളിൽ തനിക്ക് അക്രമരാഹിത്യമെന്ന പരമമായ കാഴ്ചപ്പാടിലേക്കെത്താൻ സഹായിച്ചത്, ക്രിസ്തുവിന്റെ പീഡാനുഭവത്തെ സംബന്ധിച്ച വേദഭാഗങ്ങളാണെന്ന് ഗാന്ധിജി പറയുമ്പോൾ പീഡാനുഭവങ്ങളെ ശാന്തതയോടെ നേരിടുക എന്ന പ്രതികരണത്തിന്റെ ശക്തി അദ്ദേഹം തിരിച്ചറിയുകയായിരുന്നു.

എന്നാൽ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗത്തിനെതിരേ അനീതി സംഭവിക്കുമ്പോൾ എപ്പോഴും ശക്തമായി ക്രിസ്തു പ്രതികരിക്കുന്നുണ്ട് . ദൈവത്തിന്റെ ആലയത്തെ കള്ളൻമാരുടെ ഗുഹയാക്കിമാറ്റിയ സാമൂഹ്യ ദ്രോഹികളെ ചാട്ടവാറുകൊണ്ട് നേരിടുന്ന ക്രിസ്തു ഒരുദാഹരണമാണ്. ദേവാലയം വിവിധ വിഭാഗക്കാർക്കായി വിവിധ ഇടങ്ങളായി വേർതിരിക്കപ്പെട്ട ഒരു സാമൂഹ്യ സാഹചര്യത്തിൽ പുറജാതിക്കാർക്കായി വേർതിരിച്ച ഇടമാണ് കച്ചവടക്കാർ കയ്യടക്കിയത് എന്നതും പ്രസക്തമാണ്. ക്രിസ്തു ഇരട്ട അനീതികൾക്കെതിരെയാണ് രോഷാകുലനാകുന്നത്. ഒന്ന്, ദൈവത്തിന്റെ ആലയത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തുന്നവർക്കെതിരേ. രണ്ട്, പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗത്തിന്റെ ആരാധനായിടംപോലും നഷ്ടപ്പെടുത്തുന്നവർക്കെതിരേ. യഹൂദനായ ക്രിസ്തുവിന് നിൽക്കാനും, ആരാധിക്കാനുമുള്ള ഇടങ്ങളിൽ കച്ചവടക്കാർ ഇല്ലാതിരിക്കെ അവിടെ നിന്നും പുറജാതിക്കാർ ആരാധിക്കുന്നയിടങ്ങളിലേക്ക് യാത്രചെയ്തതും, അവിടുത്തെ അനീതികളോട് രൂക്ഷമായി പ്രതികരിച്ചതും, വചനാധിഷ്ഠിതമായി ആധുനിക ലോക സാഹചര്യങ്ങളിൽ നാം മാതൃകയാക്കേണ്ടതുണ്ട്.

**ഹരിതദൈവശാസ്ത്രം**

ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി,
ഇതു നിന്റെ എന്റെയും ചരമ ശുശ്രൂഷയ്ക്ക് ഹൃദയത്തിലിന്നേകുറിച്ച ഗീതം.

ജ്ഞാനപീഠപുരസ്കാര ജേതാവായ ഒ.എൻ.വി കുറുപ്പാണ് മരിക്കാറായ ഭൂമിക്ക് ചരമഗീതമെഴുതുന്നത്. ഭൂമി മരിച്ചാൽ പിന്നെ എഴുതാൻ താനും മാനവരാശിയും ഉണ്ടാകില്ല എന്ന തിരിച്ചറിവാണ് കവിയെ ഇതിന് പ്രേരിപ്പിക്കുന്നത്. ഇന്ന് ലോകം അഭിമുഖീകരിക്കുന്ന എറ്റവും രൂക്ഷമായ പ്രതിസന്ധിയും പാരിസ്ഥിതിക പ്രശ്നങ്ങളാണ്.



സജീവസേവനത്തിൽനിന്നും വിരമിച്ച വൈദികകുടുംബസംഗമം



ഭദ്രാസന സേവികാസംഘവും യുവജനസഖ്യവും സംയുക്തമായി നടത്തിയ ബ്ലൂംഫെസ്റ്റിൽ പങ്കെടുത്തവർ



അനുഗ്രഹ ഡി-അഡിക്ഷൻ സെന്ററിന്റെ 5-ാമത്തെ ക്യാമ്പിൽ പങ്കെടുത്തവർ




സൃഷ്ടിക്കൊരു സങ്കീർത്തനം - ഭദ്രാസന ക്രിസ്മസ് കരോൾ ഗായകസംഘം അഭിവന്ദ്യ തിരുമേനിയോടും മുഖ്യാതിഥി ബഹു. ജിജി തോംസൺ IAS നോടുമൊപ്പം



ഭദ്രാസന വൈദിക സമ്മേളനം – കുറ്റാലം



മാർത്തോമ്മാ സഭ
കുറ്റാലത്ത് വാങ്ങിയ ധ്യാനകേന്ദ്രത്തിന്റെ സ്ഥലം
അടൂർ ഭദ്രാസന
എപ്പിസ്കോപ്പായും വൈദികരും
സന്ദർശിച്ചപ്പോൾ



ഭദ്രാസന വികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട
മാനസികാരോഗ്യ പ്രഥമശുശ്രൂഷ സെമിനാർ ഉദ്ഘാടനം



എക്യുമെനിക്കൽ പ്രോഗ്രാമിന്റെ ഉദ്ഘാടനദൃശ്യം



ന്യൂ പാരിഷ് കൺവൻഷൻ
മണ്ണടി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടന്നപ്പോൾ




ഭദ്രാസന യുവജനസഖ്യം ക്ലസ്റ്റർ പ്രോഗ്രാം



ഭദ്രാസന യുവജനസഖ്യം കലാമേള ഉദ്ഘാടനദൃശ്യം




ഭദ്രാസന സേവികാസംഘം സോണൽ മീറ്റിംഗ്, അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച്




ഭദ്രാസന സന്നദ്ധസുവിശേഷസംഘം സോണൽ മീറ്റിംഗ്, കണ്ണംകോട് മാർത്തോമ്മാ ചർച്ച്

ഏനാത്ത് സെന്റർ സേവികാസംഘം ക്രിസ്മസ് ഗാനശുശ്രൂഷ – തേപ്പുപാറ മാർത്തോമ്മാ ചർച്ച്







വിഡോസ് & സിംഗിൾ പേരന്റ്സ് മീറ്റിംഗ്

കണ്ണംകോട് സെന്റർ അഖിലലോക സൺഡേസ്കൂൾ ദിന റാലി






അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച്
ഓലപ്പാറ മിഷൻ ഫീൽഡ് സന്ദർശിച്ചപ്പോൾ



തുമ്പമൺ ശാലേം മാർത്തോമ്മാ ചർച്ച് റാംപിന്റെ ഉദ്ഘാടനം
ആശാഭവനിലെ കുട്ടികൾ നിർവ്വഹിക്കുന്നു

## നന്ദി



ഭദ്രാസന സെക്രട്ടറിയായി
അനുഗ്രഹീത ശുശ്രൂഷ നിർവ്വഹിച്ച
**വെരി.റവ. സ്കറിയാ എബ്രഹാം**

## സ്വാഗതം



ഭദ്രാസന സെക്രട്ടറിയായി
ചുമതലയേറ്റ
**റവ. കുഞ്ഞുകോശി. വി.**





ഭദ്രാസന സൺഡേസ്കൂൾ സമർപ്പിത വിദ്യാർത്ഥികൾക്കുവേണ്ടി നടത്തപ്പെട്ട പ്രത്യേക പ്രോഗ്രാമും
സംസ്ഥാന അദ്ധ്യാപക അവാർഡിന് അർഹനായ ശ്രീ. തോമസ് ജോർജ്ജിന് അനുമോദനവും നൽകുന്നു






ഒന്നാം ശനിയാഴ്ച നടത്തിവരുന്ന കരിസ്മാറ്റിക് മീറ്റിംഗ് ആശാഭവൻ നേതൃത്വം നൽകുന്നു

മനുഷ്യൻ ഭൂമിയുടെ ഉടമസ്ഥനല്ല അതിന്റെ സൂക്ഷിപ്പുകാരനാണ്. ഭുമിയെയും ഭൂമിയിയെ സൃഷ്ടികളെയും കരുതലോടെ സംരക്ഷിക്കാനും അവയുടെ നിലനിൽപ്പ് ഉറപ്പുവരുത്താനുമുള്ള കടമ മനുഷ്യനുണ്ട് ഫ്രാൻസിസ് മാർപ്പാപ്പയുടെ പരിസ്ഥിതി ചാക്രിക ലേഖനമായ ലൗദത്തോസി യിലെ വാക്കുകൾ നമുക്ക് സ്മരിക്കാം. എപ്പോഴും പരിസ്ഥിതി സൗഹൃദ നിലപാടുകളായിരുന്നു ക്രിസ്തുവിനുള്ളത്. മുന്തിരിവള്ളിയും ഗോതമ്പു മണികളും, പടകും മീൻകൂട്ടവും, നല്ലനിലത്ത് വീഴുന്ന വിത്തുകളും അങ്ങനെ തന്റെ വാക്കുകളിലും, പ്രവൃത്തിയിലും പ്രകൃതിയെ നിറച്ചുവെച്ച വ്യക്തിത്വം. റോമർക്ക് എഴുതിയ ലേഖനത്തിൽ "സർവ്വ സൃഷ്ടിയും ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്ന് നാം അിറയുന്നുവല്ലോ" എന്ന് വായിക്കുമ്പോൾ അവിടെ മനുഷ്യ കേന്ദ്രീകൃതമല്ലാത്ത പ്രകൃതികേന്ദ്രീ കൃതമായ ഒരു ദൈവശാസ്ത്രമാണ് അനാവൃതമാകുന്നത്.

യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടു പോയി ഏദൻ തോട്ടത്തിൽ വേലചെയ്‌വാനും അതിനെ കാപ്പാനും അവിടെയാക്കി എന്ന് ഉൽപ്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രപഞ്ചമാകുന്ന ഏദൻതോട്ടത്തെ അതിന്റെ എല്ലാ മനോഹാരിത യോടുംകൂടി കാക്കുക എന്ന നിയോഗമാണ് മനുഷ്യനെ ഏൽപ്പിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ നാം കുറ്റകരമായ അനാസ്ഥ കാട്ടുന്നു എന്ന് പറയേണ്ടിവരുന്നു. നമ്മുടെ പള്ളികളിൽ, വീടുകളിൽ കൃഷിയിടങ്ങളിലൊക്കെ പ്രകൃതിയുടെ നാശത്തിന് നേതൃത്വം നൽകുന്നവരായി നാം മാറുന്നു. നമ്മുടെ പല സ്ഥാപനങ്ങളും പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർത്തുകൊണ്ട് തല ഉയർത്തിപ്പിടിച്ചുനിൽക്കുന്നു. പള്ളികളിലും, വീടുകളിലുമൊക്കെ മുറ്റത്ത് ഒരു പുല്ലുപോലും വളരാൻ അനുവദിക്കില്ലെന്ന് ശപഥം ചെയ്തുകൊണ്ട് ടൈലുകൾ പാകി നാം മനോഹരമാക്കുന്നു. താല്ക്കാലിക സാമ്പത്തിക നേട്ടത്തിനുവേണ്ടി കുന്നിടിക്കുകയും, മണ്ണെടുക്കുകയും, ചെളിയെടുക്കുകയും, കാട് നശിപ്പിക്കയും ചെയ്യുന്നവരുടെ പേരുകളും ക്രിസ്ത്യാനികളുടേതാകുന്നത് ഒരിക്കലും ആശാസ്യമല്ല.

സഭയ്ക്ക് ഒരു പരിസ്ഥിതിനയം ഉണ്ടാകണം. പള്ളികളും സ്ഥാപനങ്ങളും നിർമ്മിക്കുമ്പോൾ പാലിക്കപ്പെടേണ്ട പരിസ്ഥിതി സൗഹൃദ നിലപാട് കർശനമായി പാലിക്കപ്പെടാൻ ആ നയത്തിൽ നിർദ്ദേശങ്ങളുണ്ടാകണം. വേദപുസ്തകാടി സ്ഥാനത്തിൽ ഈ പ്രപഞ്ചത്തെ അതിന്റെ സമസ്ത മനോഹാരിതയോടുംകൂടി നിലനിർത്തുവാനുള്ള കഠിന പ്രയത്നങ്ങൾക്ക് നാം നേതൃത്വം നൽകണം. എങ്കിൽ മാത്രമേ ദൈവം ഉദ്ദേശിക്കുന്ന തരത്തിലുള്ള ആരോഗ്യകരമായ പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകൂ.

**സഭയുടെ രാഷ്ട്രീയത്തെക്കുറിച്ചുകൂടി..**

ദരിദ്രരോട് സുവിശേഷം അറിയിക്കാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ബദ്ധൻമാർക്ക് വിടുതലും, കുരുടൻമാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതൻമാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു. ഇത്തരമൊരു സാമൂഹികാവസ്ഥ യാഥാർത്ഥ്യമാക്കുക എന്നതാണ് സഭയുടെ എക്കാലത്തെയും ദൗത്യവും, രാഷ്ട്രീയവും. ക്രിസ്തുജീവിതത്തിൽകൃത്യമായ രാഷ്ട്രീയ നിലപാടുകൾ എടുത്തിരുന്നു. അധികാരങ്ങളും, അവകാശങ്ങളും നഷ്ടപ്പെട്ടവർ ക്കുവേണ്ടി രാഷ്ട്രീയ നിലപാടെടുത്തപ്പോഴെല്ലാം അധികാര കേന്ദ്രങ്ങളുടെ അപ്രീതി പിടിച്ചു പറ്റേണ്ടിവന്നു. അത് ഒരിക്കലും ക്രിസ്തു കാര്യമാക്കിയില്ല. ക്രൂശ് പോലും അധികാര കേന്ദ്രങ്ങളുടെ അപ്രീതിയുടെ പ്രതീകമായിരുന്നു. നിലപാടുകളാണ് പ്രധാനം. ആർക്കുവേണ്ടിയാണ് നിലപാടുകൾ സ്വീകരിക്കുന്നത് എന്നതും പ്രധാനമാണ്. നിസ്വർക്കുവേണ്ടി ശക്തമായ നിലപാടുകൾ എടുക്കാൻ കഴിഞ്ഞതിന്റെ പിന്നിലെ ധീരതയാണ് ക്രിസ്തുവിനെ ക്രൂശിലേക്കും, കോടാനുകോടി മനുഷ്യ ഹൃദയങ്ങളിലേക്കും എത്തിച്ചത് എന്നതാണ് സത്യം. ഇന്ന് ഭരണകൂടങ്ങൾക്കു മുന്നിൽ നാം വല്ലാതെ നട്ടെല്ല് വളച്ചുകൊടുക്കുന്നില്ലേ എന്ന് സംശയിക്കേണ്ടി വരുന്നു. അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കു വേണ്ടി നിലപാടുകളിൽ വിട്ടുവീഴ്ച്ച ചെയ്യുന്നത് വചനവിരുദ്ധമാണ്.

സഭയുടെ ലക്ഷ്യം ആത്യന്തികമായി ലോകത്തിൽ ക്രിസ്തുവിന്റെ സുവിശേഷ മൂല്യങ്ങൾക്ക് സാക്ഷ്യംവഹിക്കുക എന്നതാണ്. യേശു ദരിദ്രരോടും, പാവപ്പെട്ടവരോടും പക്ഷംചേർന്നതുപോലെ ക്രിസ്തുസഭയും ആയിത്തീരണം. കാലത്തിന്റെ അടയാളങ്ങൾ കണ്ട് അതിനോട് സൃഷ്ടിപരമായി പ്രതികരിക്കുക എന്നതാണ് യേശു സഭയ്ക്ക് നൽകിയിരിക്കുന്ന ദൗത്യം. അങ്ങനെയാണ് സഭ ഭൂമിയുടെ ഉപ്പാകേണ്ടത്.

**ലേഖകൻ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഭരണസമിതി അംഗവും, സംസ്ഥാന സ്കൂൾ പാഠപുസ്തകസമിതി അംഗവുമാണ്.**

ചരിത്രത്തിലൂടെ

## ഇരുപത്തി ഒന്നാം മാർത്തോമ്മാ

# ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ



മലങ്കര സഭയിലെ നവീകരണത്തിന്റെ പിതാവായ അബ്രഹാം മല്പാന്റെയും നാല് മെത്രാപ്പോലീത്താമാരുടെയും ജന്മഗൃഹമായ മാരാമൺ പാലക്കുന്നത്ത് കുടുംബമാണ് ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് ജന്മമേകിയത്. തീത്തൂസ് ദ്വിതീയൻ തിരുമേനിയുടെ ജ്യേഷ്ഠസഹോദരൻ ശ്രീ. തോമാച്ചന്റെ മകൻ, ശ്രീ. ലൂക്കോച്ചന്റെ മകനായി 1931 ജൂൺ 27-ാം തീയതി ജനിച്ചു. മഹത്തായ പാരമ്പര്യത്തിന്റെ അന്തരീക്ഷത്തിലാണ് ബാല്യകാല ജീവിതം കരുപ്പിടിപ്പിക്കപ്പെട്ടത്. കോഴഞ്ചേരി സെന്റ് തോമസ് ഹൈസ്കൂളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസവും ആലുവാ യു.സി. കോളേജിൽനിന്ന് ബി.എ.യും പാസ്സായി. സഭാശുശ്രൂഷയ്ക്കായി സമർപ്പിതനായി ബാംഗ്ലൂർ യു.റ്റി. കോളജിൽനിന്നും ബി.ഡി. ബിരുദം സമ്പാദിച്ചു. 1957 ജൂൺ 29-ാം തീയതി ശെമ്മാശ്പട്ടവും 1957 ഒക്ടോബർ 18-ാം തീയതി കശ്ശീശാപട്ടവും സ്വീകരിച്ചു.

1974 നവംബറിൽ കൂടിയ സഭാപ്രതിനിധിമണ്ഡലം എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1975 ജനുവരി 11-ാം തീയതി തൃശ്ശൂർ മാർത്തോമ്മാ പള്ളിയിൽ വെച്ച് റവ. വി.റ്റി. കോശിയോടൊപ്പം റമ്പാനായി. 1975 ഫെബ്രുവരി 8-ാം തീയതി തിരുവല്ല എസ്.സി. സെമിനാരി അങ്കണത്തിൽ സജ്ജമാക്കിയ താൽക്കാലിക മദ്ബഹായിൽവെച്ച് എപ്പിസ്കോപ്പായായി ജോസഫ് മാർ ഐറേനിയസ് എന്ന നാമധേയത്തിൽ അഭിഷിക്തനായി. തുടർന്ന് കൊല്ലം-കൊട്ടാരക്കര ഭദ്രാസനാദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. ഭദ്രാസനത്തിന്റെ സർവ്വതോന്മുഖമായ വിഗനത്തിനുവേണ്ടി അക്ഷീണം യത്നിച്ചു. അതോടൊപ്പം സൺഡേസ്കൂൾ സമാജം പ്രസിഡന്റ്, യുവജനസഖ്യം പ്രസിഡന്റ്, ഡവലപ്പ്മെന്റ് കമ്മിറ്റി ചെയർമാൻ, കേരളാ ക്രിസ്ത്യൻ കൗൺസിൽ പ്രസിഡന്റ് എന്നിങ്ങനെ വിവിധ മേഖലകളിൽ നേതൃത്വം നൽകി. എഴുപതുകളുടെ 2-ാം ഘട്ടത്തിൽ സൺഡേസ്കൂളിന്റെയും യുവജനസഖ്യത്തിന്റെയും അദ്ധ്യക്ഷനായിരിക്കുന്ന കാലഘട്ടത്തിൽ വി.ബി.എസ്.ഉം കാസറ്റ് മിനിസ്ട്രിയും യഥാക്രമം ആരംഭിക്കുന്നതിന് തുടക്കംകുറിച്ചു. തുടർന്ന് ബാഹ്യകേരള ഇടവകകളുടെ ചുമതല വഹിക്കുകയും ആ പ്രദേശങ്ങളിൽ സഭയുടെ വികസനത്തിന് കളമൊരുക്കുകയും ചെയ്തു.

സഭയുടെ ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ സമർപ്പണത്തോടും സമഗ്രവീക്ഷണത്തോടും സാമൂഹ്യപ്രതിബദ്ധതയോടുമുള്ള തന്റെ പ്രവർത്തനങ്ങൾ ഏറ്റവും വിലമതിക്കപ്പെട്ടിട്ടുള്ളതാണ്.

വിവിധ രംഗങ്ങളിൽ പ്രശസ്ത നേതൃത്വം നൽകുന്ന തിരുമേനിക്ക് അമേരിക്കയിലെ വെർജീനിയ സെമിനാരി ഡോക്ടറേറ്റ് നൽകി ആദരിക്കുകയുണ്ടായി. മാത്രവുമല്ല, 2007 ഫെബ്രുവരി 10-ാം തീയതി സെറാമ്പൂർ കോളജ്, സഭയിലേയും, സമൂഹത്തിലേയും തിരുമേനിയുടെ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് രണ്ടാമതൊരു ഡോക്ടറേറ്റു കൂടി നൽകി ആദരിച്ചു. മലങ്കര മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്തായായ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലി മെത്രാപ്പോലീത്താ പറയുന്നു: "മാർ ഐറേനിയസ് തിരുമേനി പാരമ്പര്യത്തിൽ ധന്യനും, സ്വയാർജ്ജിത കഴിവുകളിൽ ധനാഢ്യനും, ബന്ധങ്ങളിൽ നിപുണനും, നിർമ്മാണപ്രവർത്തനങ്ങളിൽ കർമ്മകുശലനും, നേതൃത്വത്തിൽ അനുഗ്രഹീതനുമാണ്." 2007 ഒക്ടോബർ 2-ന് മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്യപ്പെട്ട തിരുമേനി, നിരണം-മാരാമൺ ഭദ്രാസനത്തിന്റെ ചുമതലകൂടി നിർവ്വഹിച്ചുകൊണ്ട് സഭയ്ക്ക് ഉജ്ജ്വലനേതൃത്വം നൽകിവരുന്നു.

# മൂല്യങ്ങളെ തിരിച്ചറിഞ്ഞ് മാതൃകയാക്കുന്ന മാനവികത

അപ്രതീക്ഷിതമായൊരു ചോദ്യം എന്തുകൊണ്ടാണ് വേഴാമ്പലിനെ നമ്മുടെ സംസ്ഥാനപക്ഷിയായി തിരഞ്ഞെടുത്തിരിക്കുന്നത്. പല ഉത്തരങ്ങളും പറഞ്ഞു: മഴ കാത്തിരിക്കുന്നതുകൊണ്ട്, വംശനാശം സംഭവിക്കുന്നതുകൊണ്ട്, അങ്ങനെ പലതും. എല്ലാം കേട്ടതിനുശേഷം ചോദ്യകർത്താവ് പറഞ്ഞുതുടങ്ങി. നമ്മൾ കേരളീയർ കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കുന്നവരാണ്. അതുപോലെ കുടുംബത്തിനു പ്രാധാന്യം നൽകുന്നതുകൊണ്ടാണ് വേഴാമ്പലിന് ആ പദവി കിട്ടിയതെന്നു പറഞ്ഞപ്പോൾ പ്രത്യേകിച്ചൊന്നും തോന്നിയില്ല. എന്നാൽ കാര്യങ്ങൾ വിശദീകരിച്ചപ്പോൾ ഒരു മുത്തശ്ശിക്കഥ കേൾക്കുന്ന ലാഘവത്തോടെ ഞാൻ കേട്ടിരുന്നു. ഒട്ടേറെ നൊമ്പരത്തോടെയും സാധാരണ പക്ഷികളും മൃഗങ്ങളും പോളിഗാമിയാണ്. അതായത് ഒരു പക്ഷിക്ക് ഒന്നിലേറെ ഇണകൾ. എന്നാൽ വേഴാമ്പലിന്റെ ജീവിതായുസ്സിൽ അതിന് ഒരൊറ്റ ഇണ മാത്രമേയുള്ളൂ. വേഴാമ്പൽ ഇണ ചേർന്നശേഷം മരത്തിൽ പൊത്തുണ്ടാക്കി പെൺപക്ഷി അതിൽ മുട്ടയിടുന്നു. പെൺപക്ഷിയെ പൊത്തിലിരുത്തി ആൺപക്ഷി തന്റെ ശരീരത്തിൽനിന്നുള്ള ഒരു ദ്രവംകൊണ്ട് പൊത്ത് അടയ്ക്കും. കൊക്കിടാൻവേണ്ടി ഒരു ദ്വാരം ഉണ്ടാക്കിയശേഷം ആൺപക്ഷി കാടായ കാടൊക്കെ തേടിനടന്ന് ഭക്ഷണം കൊണ്ടുവന്ന് പെൺപക്ഷിക്ക് ആ ദ്വാരത്തിലൂടെ കൊടുക്കും. മുട്ട വിരിഞ്ഞ് കഴിയുമ്പോൾ കൊക്ക് വെളിയിലേക്കിട്ട് പെൺപക്ഷി ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിക്കും. ഉടൻതന്നെ ആൺപക്ഷി വന്ന് കൂട് കൊത്തിപ്പൊട്ടിക്കുകയും അമ്മയേയും മക്കളെയും സ്വതന്ത്രരാക്കുകയും ചെയ്യും. ഒരുപക്ഷേ ഇര തേടിപ്പോകുന്ന വഴിക്ക് അച്ഛൻപക്ഷി മരിച്ചുപോയാൽ അമ്മക്കിളിയും കുഞ്ഞുങ്ങളും കൂട്ടിൽ കിടന്നു മരിക്കും. നിശബ്ദമായ ഒരു തേങ്ങലോടെ മാത്രമേ എനിക്കിത് കേട്ടിരിക്കാൻ തോന്നിയുള്ളൂ. മനസ്സിൽ ഒരു നെരിപ്പോട് എരിയുന്ന പ്രതീതി. വഴിക്കണ്ണുമായി അച്ഛനെ കാത്തിരിക്കുന്ന ഒരമ്മയും വിശന്ന് കരഞ്ഞ് തളർന്ന ആ കുഞ്ഞുങ്ങളും എന്റെ മനസ്സിലുണ്ടാക്കിയ നീറ്റൽ പറഞ്ഞറിയിക്കാനാകില്ല.



കുഞ്ഞുങ്ങൾ സ്വന്തം വീടുകളിൽപ്പോലും സുരക്ഷിതമല്ലാത്ത ഈ ലോകത്ത് വേഴാമ്പിൽ എത്ര ഉദാത്തമായിട്ടാണ് കുടുംബം എന്ന സങ്കല്പം നമുക്ക് കാട്ടിത്തരുന്നത്.

ഇവരുടെ സ്നേഹം നമ്മെ പഠിപ്പിക്കുന്നത് എത്രയോ വലിയ പാഠമാണ്. നാം നിസ്സാരമെന്നും ചെറുതെന്നും കരുതി ഒഴിവാക്കുന്ന പലതിലും പാഠങ്ങളുണ്ട്. ആരും ഒന്നും ചെറുതല്ല.

അവയിലെ നന്മയേയും മൂല്യങ്ങളേയും തിരിച്ചറിഞ്ഞ് മാതൃകയാക്കുന്നതല്ലേ മാനവികത. നെഞ്ചിലേറ്റി നടക്കാൻ ഇഷ്ടപ്പെടുന്ന ചില അസ്വസ്ഥതകൾ എല്ലാവരിലുമുണ്ട്. അതിലൊന്നാകട്ടെ ഈ വേഴാമ്പലും.

## സൺഡേസ്കൂൾ

സമർപ്പിത വിദ്യാർത്ഥിക്യാമ്പ് 29-10-2016 ശനിയാഴ്ച രാവിലെ 10 മണിക്ക് മണക്കാല ഗുരുകുലത്തിൽ അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ഭദ്രാസനത്തിലെ സൺഡേസ്കൂളിൽനിന്നും 38 കുട്ടികളും ഗുരുകുലത്തിലെ കുട്ടികളുമടക്കം 70 പേർ പങ്കെടുത്തു. റവ. ജോർജ്ജ് വർഗ്ഗീസ് അച്ചന്റെ അദ്ധ്യക്ഷതയിൽചേർന്ന ഏകദിനക്യാമ്പിൽ റവ. കുര്യൻ ജോർജ്ജ്, റവ. സ്കറിയാ ജോൺ, റവ. ഐസക് മാത്യു എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സെക്രട്ടറി ശ്രീ. ഒ.കുഞ്ഞുകുഞ്ഞുകുട്ടി സ്വാഗതവും ശ്രീ. ജോസഫ് വർഗീസ് കൃതജ്ഞതയും ആശംസിച്ചു. ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കുള്ള സ്റ്റേറ്റ് അവാർഡ് നേടിയ ശ്രീ. തോമസ് ജോർജ്ജിന് ഭദ്രാസന സൺഡേസ്കൂൾ പ്രസിഡന്റ് അഭി. ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനി സൺഡേസ്കൂൾ പ്രവർത്തക സമ്മേളനത്തിൽവെച്ച് ഉപഹാരം നൽകി.



റവ. ജോസഫ് ഉമ്മൻ
ബെഥേൽ മാർത്തോമ്മാ ചർച്ച്
കൂടൽ

**ദൈ**വത്തിന്റെ ആലോചന മനുഷ്യരോട് സംവേദനം ചെയ്യുവാൻ വ്യത്യസ്ത മുഖാന്തരങ്ങൾ ദൈവം രൂപകല്പന ചെയ്തിരുന്നു. അങ്ങനെ ദൂതന്മാർ മുഖാന്തരവും മനുഷ്യരിലൂടെയും ആധികാരികതയോടെ നൽകപ്പെട്ട ദൈവത്തിന്റെ സ്വത്വമാണ് (personality) ദൈവവചനം. 115-ാം സങ്കീർത്തനം 5-ാം വാക്യത്തിൽ 'അവയ്ക്ക് വായുണ്ടെങ്കിലും സംസാരിക്കുന്നില്ല' (Mute Idols) എന്ന വിപരീതാർത്ഥ പ്രയോഗത്തിലൂടെ മനുഷ്യരോട് ഇടപെടുന്ന, സംസാരിക്കുന്ന, വിശേഷഗുണമുള്ള ജീവിക്കുന്ന ദൈവത്തെ ദൈവവചനം പരിചയപ്പെടുത്തുന്നു. പഴയനിയമത്തിൽ 'dabar' എന്ന എബ്രായപദം വചനത്തെ കുറിക്കുന്നു.

കല്പനകൾ, പ്രവചനങ്ങൾ, മുന്നറിയിപ്പുകൾ, പ്രേരണകൾ, പ്രോത്സാഹനങ്ങൾ തുടങ്ങി വിവിധ അർത്ഥങ്ങളിൽ 394 പ്രാവശ്യം ഈ വാക്ക് ഉപയോഗിച്ചുകാണുന്നു. വെറും വാക്കുകൾ എന്നതിലുപരി പ്രവർത്തനശേഷിയുള്ള, ഊർജ്ജസ്വഭാവം ഉൾക്കൊള്ളുന്നു,അനശ്വര പ്രകൃതിയോടുകൂടിയതാണ് ദൈവവചനം. വാളിനേക്കാൾ മൂർച്ചയും, അമ്പിനേക്കാൾ മുനയും, വജ്രത്തേക്കാൾ കാഠിന്യവും, കുതിരയേക്കാൾ കരുത്തും ഉള്ളതാണ് വചനം. പൂവിനേക്കാൾ മൃദുവും, മധുവിനേക്കാൾ മധുരവും, മഞ്ഞിനേക്കാൾ കുളിരും, തീയേക്കാൽ ചൂടും മുത്തിനേക്കാൾ തിളക്കവും ഉള്ളതാണ് വചനം. *(ഒരു പഴയ കവിതയോട് കടപ്പാട്)*

ഒരിക്കൽ പുറപ്പെടൽ നിവൃത്തീകരണം കൂടാതെയും ലക്ഷ്യം കാണാതെയും മടങ്ങിപ്പോകാത്ത പ്രഭാവം ഇതിനുണ്ട് (യെശ. 55:11). ജീവിതനിയമങ്ങൾ, ദൈവനിയമങ്ങൾ (തോറാ) എന്നിവയുടെ പര്യായമായും ഈ വാക്ക് പഴയനിയമത്തിൽ കാണാം.

പുതിയനിയമത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ 'ലോഗോസ്' (Logos), റീമാ (Rhema) എന്നീ രണ്ട് വാക്കുകൾ വചനത്തെ സൂചിപ്പിക്കുന്നുണ്ട്. മർക്കോ. 2:2, ഗലാ. 6:6, വെളി. 19:13 തുടങ്ങിയ വാക്യങ്ങളിലും വി. യോഹ



# ക്രിസ്തു: വചനത്തിന്റെ ഊർജ്ജസ്രോതസ്

ന്നാന്റെ സുവിശേഷത്തിലും (യോഹ. 1:1, 1:14). ലോഗോസ് എന്ന പദവും റോമ. 10:8, എബ്രാ. 6:5 വാക്യങ്ങളിൽ റീമാ എന്ന പദവും ഒരേ അർത്ഥം വരുന്ന രീതിയിൽ, (The message of the Christian Gospel) വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

ആദിമസഭയ്ക്ക് വചനം എന്നത് ക്രിസ്തുവിൽ വെളിപ്പെട്ട ദൈവീക അരുളപ്പാടുകൾ ആയിരുന്നു. അത് ക്രിസ്തു തന്നെയായിരുന്നു. അവൻ ജീവന്റെയും രക്ഷയുടെയും സത്യത്തിന്റെയും ജഡധാരണമായി. സത്യദർശനം എന്ന ലേഖനത്തിൽ ഗുരു നിത്യചൈതന്യയതി എഴുതുന്നു: "ദൈവവും ദൈവത്തിന്റെ വാക്കും ഒന്നുതന്നെയാണ്. വാക്ക് എന്നാൽ വെളിപ്പെടുത്തൽ. ദൈവം സ്വയമേ വെളിപ്പെടുത്തുന്നത് വാക്കുകൾകൊണ്ടാണ്. By speaking God reveals. In speaking God acts. വചനം ഊർജ്ജം ഉണ്ടാക്കുന്ന സത്യവും ചലനാത്മകമായ യാഥാർത്ഥ്യവുമാണ്.

**ക്രിസ്തു: ജീവന്റെ വചനം (Christ: The word of Life)**

ജീവൻ എന്നത് പ്രവർത്തനശേഷി, ചലനാത്മകത എന്നൊക്കെ അർത്ഥം വരുന്ന "hyyyim' എന്ന എബ്രായവാക്കിന്റെ പരിഭാഷയാണ് (സങ്കീ. 27:11). നീരുറവ, ഒഴുകുന്ന ജീവജലം എന്നീ അർത്ഥങ്ങളും കാണാം (ഉല്പത്തി 26:19). പ്രകാശം, സന്തോഷം, പൂർണ്ണത, ചൈതന്യം, കർമ്മനിരത, ക്രമം തുടങ്ങിയ പ്രയോഗങ്ങൾ ജീവനോടു ചേർന്നും അന്ധകാരം, ദുഃഖം, ശൂന്യത, മൂകത, അന്ധതമസ് എന്നിത്യാദി വാക്കുകൾ ജീവനെതിരായുള്ള പ്രയോഗങ്ങളായും വേദപുസ്തകത്തിൽ കാണുന്നു. ജീവന്റെ ഉറവിടം (Source of Life) ദൈവമായതിനാൽ ജീവൻ ദൈവത്തിന്റെ ദിവ്യ സമ്മാനമാണ്. ജീവിക്കുന്ന ദൈവം നിത്യജീവനിലേക്ക് നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളിൽ 'ജീവനെ രക്ഷിക്കുക' (Saving a Life) എന്ന ആശയം നിഴലിച്ചുകാണുന്നുണ്ട് (മർക്കോ 3:4).

| | |
|---|---|
| അവൻ ജീവന്റെ വചനം | – 1 യോഹ. 1:2 |
| തന്നിൽ തന്നെ ജീവനുള്ളവൻ | യോഹ. 5:26 |
| വഴിയും സത്യവും ജീവനും | യോഹ. 14:6 |
| പുനരുത്ഥാനവും ജീവനും | യോഹ. 11:25 |
| ജീവന്റെ വെളിച്ചം | യോഹ. 8:12 |
| ജീവന്റെ അപ്പം | യോഹ. 6:51 |
| നാം ജീവനുള്ള ദൈവത്തിന്റെ ആലയം | 2 കൊരി. 6:16 |
| നമ്മുടെ ജീവനായ ക്രിസ്തു | കൊലോ. 3:4 |
| എനിക്ക് ജീവിക്കുന്നത് ക്രിസ്തു | ഫിലി. 1 : 21 |
| ക്രിസ്തുവിൽ മറഞ്ഞിരിക്കുന്ന ജീവൻ | കൊലോ. 3:3 |
| നിത്യജീവനിലേക്ക് പൊങ്ങിവരുന്ന നീരുറവ | യോഹ. 4:14 |

മേല്പറഞ്ഞ പരാമർശങ്ങൾ വചനവും ക്രിസ്തുവും നാമും തമ്മിലുള്ള ബന്ധവും നമ്മുടെ ജീവനുമായുള്ള ബന്ധവും വ്യക്തമായി ചിത്രീകരിക്കുന്നു. ഊർജ്ജസ്വലതയും, ചൈതന്യവും, ബലവും, പ്രവർത്തനശേഷിയും ഉയിർപ്പും നൽകുന്ന ജീവന്റെ വചനമായ ക്രിസ്തുവിനെ മുറുകെ പിടിക്കുവാൻ വചനം ആഹ്വാനം ചെയ്യുന്നു.

പഴയനിയമത്തിൽ നെഫേഷ് (nepesh)എന്ന മറ്റൊരു എബ്രായവാക്കും ജീവൻ എന്നതിന് ഉപയോഗിച്ചിട്ടുള്ളതായി കാണാം. പൊതുവായി മനുഷ്യരുടെയും മൃഗങ്ങളുടെയും 'ജീവൻ' എന്നർത്ഥത്തിലാണ് ജീവനുള്ള ദേഹി (nepesh hayya) (ഉല്പ. 2:7) ഉണ്മ, സത്ത (Self), അസ്ത്തിത്വം (being) എന്നീ അർത്ഥവ്യാപ്തിയോടെ ഈ പദം ഉപയോഗിച്ചിരിക്കുന്നത്.

**ക്രിസ്തു: രക്ഷയുടെ വചനം (Christ: The word of Salvation)**

എബ്രായഭാഷയിലെ ഇസാ (yesa), ഗ്രീക്കുഭാഷയിലെ സൊറ്റീറിയാ (Soteria) എന്നീ പദങ്ങളാണ് മലയാളവേദപുസ്തകത്തിൽ 'രക്ഷ' എന്നു ഭാഷാന്തരം ചെയ്തിരിക്കുന്നത്. ഈ വാക്കിന്റെ അടിസ്ഥാനപരമായ അർത്ഥം 'വിശാലതയിലേക്ക് കൊണ്ടുവരിക' (Bring into a spacious environment) എന്നാണ് (സങ്കീ. 18:36). തടങ്കൽ, ബന്ധനം തുടങ്ങിയ പരിമിതമായ സാഹചര്യങ്ങളിൽനിന്നും വിടുതലിലേക്കും ദാരിദ്ര്യത്തിൽനിന്ന് സമൃദ്ധിയിലേക്കും വരിക എന്നു വിശാലമായ അർത്ഥത്തിലും ഈ പദം ഉപയോഗിച്ചുകാണുന്നു. രോഗം, ക്ലേശം, കഷ്ടപ്പാട്, വിഷമം, ദുഃഖം, അപകടം, ശത്രുഭയം എന്നിവയിൽനിന്നുള്ള വിടുതലും രക്ഷയുടെ ഉറവിടമായ ക്രിസ്തുവിൽനിന്നു വരുന്നുവെന്ന് വചനം ഉറപ്പുനൽകുന്നു. (യെശയ്യ 38:20, യിരമ്യാ. 30:7, സങ്കീ. 44:7). മതാധിഷ്ഠിതമായ ചിന്തയിൽ 'രക്ഷ' എന്നത് ധാർമ്മികവും ആത്മീകവുമായ അപജയത്തിൽനിന്നുള്ള കരകയറൽ എന്നു വിവക്ഷിക്കാം. എന്നാൽ മതാതീതമായ കാഴ്ചപ്പാടിൽ ജീവന് അപകടമുണ്ടാക്കുന്ന കെണികളിൽനിന്നുള്ള വിടുതൽ എന്ന് പരാമർശിക്കപ്പെടുന്നു (അപ്പോ. 20:27, മർക്കോ. 15:30). രക്ഷ യഹൂദന്മാരുടെ ഇടയിൽനിന്നല്ലോ വരുന്നത് എന്ന് യോഹ. 4:22 -ൽ രേഖപ്പെടുത്തിയിരിക്കുന്നു. യേശുക്രിസ്തു രക്ഷ എന്ന വാക്ക് ഒരിക്കൽ മാത്രമേ ഉപയോഗിച്ചുകാണുന്നുള്ളൂ എന്ന് പണ്ഡിതമതം (ലൂക്കോ. 19:19). സഖായിയോട് ക്ഷമിക്കുന്ന രക്ഷയുടെ മൂർത്തീഭാവമായ യേശുവിന്റെ സാമീപ്യം വ്യക്തമാക്കാനോ അല്ലെങ്കിൽ രൂപാന്തരപ്പെട്ട സഖായിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്നതിനോ ആകാം കർത്താവ് ഈ പദം പ്രയോഗിച്ചത്.

ജ്ഞാനമാണ് രക്ഷയ്ക്കു നിദാനമെന്ന

ജ്ഞാനവാദ സിദ്ധാന്തവും (Gnosticism) മതസംബന്ധവും ധാർമ്മികവുമായ നന്മപ്രവർത്തികൾ കൊണ്ട് രക്ഷ കൈവരുന്നു എന്ന യഹൂദചിന്താഗതിയും (Judaism) മതാചാരങ്ങളിലൂടെയും അവയുടെ പ്രവൃത്തിരീതികളിലൂടെയും (Techniques) ലക്ഷയുണ്ടാകുന്നുവെന്ന യവന കാഴ്ചപ്പാടും (Hellenism) രാഷ്ട്രീയ ഘടനകളും സ്വാന്ത്ര്യവുമാണ് രക്ഷയ്ക്ക് കാരണമാവുന്നത് എന്ന റോമൻ വീക്ഷണവും വേദപുസ്തകരക്ഷാചരിത്രം ഖണ്ഡിക്കുന്നു. ദൈവത്തിന്റെ ചരിത്രത്തിലെ ഇടപെടൽമൂലം യേശുക്രിസ്തു എന്ന വ്യക്തിയിൽകൂടി ലഭ്യമാകുന്നതാണ് രക്ഷ എന്ന് വചനം സാക്ഷിക്കുന്നു. (എഫെ. 1:17, എബ്രാ. 9:12, അപ്പോ. 2:21, അപ്പോ. 4:12). ക്രിസ്തുവാണ് രക്ഷയുടെ വചനം.

**ക്രിസ്തു: സത്യത്തിന്റെ വചനം (Christ: The word of Truth)**

വസ്തുനിഷ്ഠമായി പഠിച്ചും ബുദ്ധിപരമായി ചിന്തിച്ചും ഏതെങ്കിലും ഒരു കാര്യം ശരിയോ തെറ്റോ എന്ന് തിരിച്ചറിയുന്നതിനെയാണ് സത്യം എന്ന് പഴയനിയമത്തിൽ വിവക്ഷിക്കുന്നത്. ബൗദ്ധികമായി അറിഞ്ഞ് വാസ്തവികത മനസ്സിലാക്കുന്ന രീതിയാണിത്. (ആവർത്തനം 17:4, 1 രാജാ. 10:6). എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി ഒരു മനുഷ്യന്റെ ധാർമ്മികാവബോധം, വ്യക്തിത്വം, തുടങ്ങിയ തലങ്ങളെ സ്പർശിക്കുന്ന വാക്കായും സത്യത്തെ പഴയനിയമത്തിൽ കാണാം. ഉല്പത്തി 42:16–ൽ ജോസഫിനെ പരാമർശിച്ച് "നിന്റെ വാക്കുകൾ പരിശോധിച്ച് നിന്നിൽ സത്യമുണ്ടോ എന്ന് ശോധന ചെയ്യട്ടെ" എന്ന വാചകം ഇത് വെളിവാക്കുന്നു. അതിനാൽ വിശ്വാസ്യത, സ്ഥിരത, നേര് എന്നൊക്കെയുള്ള അർത്ഥം സത്യം എന്ന പദത്തോട് ചേർത്ത് ഉപയോഗിച്ചിരിക്കുന്നു. (ആവ. 32:4, ഹോശ. 2:20). Emuna എന്ന എബ്രായപദത്തിന്റെ വിവർത്തനമാണ് സത്യം. ഈ പദത്തിന് വിശ്വസ്തത എന്നും അർത്ഥമുണ്ട്. മേഘങ്ങളോളം എത്തുന്ന ദൈവത്തിന്റെ വിശ്വസ്തത, ദൈവത്തിന്റെ വ്യക്തിത്വ മഹിമയെ കാണിക്കുന്നു. (സങ്കീ. 31:5, 119:90, 108:4, യിരെമ്യ 10:10). എല്ലാ മനുഷ്യബന്ധങ്ങളും സത്യം, വിശ്വസ്തത എന്നീ അടിസ്ഥാനശിലകളിൽ അരക്കിട്ടുറപ്പിച്ചിരിക്കുന്നു. (ആവ. 5:20).

ഗ്രീക്ക് സാഹിത്യത്തിലും ഭാഷയിലും (aletheia) സത്യം എന്ന വാക്കിന് വ്യക്തിപരമായ ഗുണവിശേഷങ്ങളേക്കാളുപരി യഥാർത്ഥ കാര്യങ്ങൾ, ശരിയായ വസ്തുതകൾ (Real events) എന്നൊക്കെയുള്ള അർത്ഥമാണ് കാണുന്നത്. പൊള്ളയായതിൽനിന്നും വ്യാജമായതിൽനിന്നും വേർപെട്ട് യാഥാർത്ഥ്യത്തിലേക്ക് വിരൽചൂണ്ടുന്നതാണ് സത്യം. (എഫേ. 4:25, ഗലാ. 2:5). ഗ്രീക്ക് തത്വജ്ഞാനിയായിരുന്ന പ്രേറ്റോ alethinos എന്ന പദപ്രയോഗംകൊണ്ട് സാക്ഷാലുള്ളതിന്റെ കാണാവുന്ന പതിപ്പ് (copy) എന്ന ആശയം വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണമായി പുതിയനിയമത്തിൽ സാക്ഷാൽ മുന്തിരിവള്ളി (യോഹ. 15:1), സ്വർഗ്ഗത്തിൽനിന്നുള്ള സാക്ഷാൽ അപ്പം (യോഹ. 6:32) തുടങ്ങിയ ചിന്തകളിലൂടെ വ്യാജമായതും ഉണ്ട് എന്ന അർത്ഥം പ്രതിധ്വനിക്കുന്നു. ക്രിസ്തുവാണ് യഥാർത്ഥ മുന്തിരിവള്ളി, യഥാർത്ഥ ജീവന്റെ അപ്പം, യഥാർത്ഥ സത്യത്തിന്റെ വചനം, ആശ്രയിപ്പാൻ യോഗ്യൻ.

**ക്രിസ്തു: ക്രൂശിന്റെ വചനം (Christ: The word of Cross)**

'Crux' എന്ന് ലത്തീൻഭാഷയിലും 'Stauros' എന്ന് ഗ്രീക്ക് ഭാഷയിലും കുരിശ് അറിയപ്പെടുന്നു. ക്രൂശിക്കുക എന്ന ക്രിയാപദം 46 പ്രാവശ്യവും ക്രൂശ് എന്ന നാമരൂപം 28 പ്രാവശ്യവും പുതിയനിയമത്തിൽ കാണാം. കുറ്റവാളികളെ ജീവനോടെ ക്രൂശിച്ചതായി പഴയനിയമത്തിൽ കാണുന്നില്ല. എന്നാൽ വധശിക്ഷ നിർവ്വഹിച്ചിരിക്കുന്നത് കല്ലെറിഞ്ഞായിരുന്നു. തൂങ്ങുക എന്നർത്ഥമുള്ള Tala (താലാ) എന്ന എബ്രായപദം എസ്ഥേർ 7:10–ൽ കാണുന്നുണ്ട്. അതും ക്രൂശുമരണത്തെ സൂചിപ്പിക്കുന്നില്ല. ക്രൂശീകരണം ഫൊയ്നീഷ്യ കാർത്തോജ് എന്നീ സ്ഥലങ്ങളിലാണ് ഉണ്ടായിരുന്നത്. പിന്നീട് റോമ്മക്കാർ അത് വ്യാപകമായി നടത്തിവന്നിരുന്നു എന്ന് ചരിത്രം പറയുന്നു. ചുരുക്കം ചില റോമാക്കാരൊഴികെ മറ്റ് അടിമകളേയും കൊടും കുറ്റവാളികളേയുമാണ് ഇത്തരം ശിക്ഷയ്ക്ക് വിധിച്ചിരുന്നത്.

മൂന്ന് തരത്തിലുള്ള കുരിശ് രൂപങ്ങളാണ് ഉണ്ടായിരുന്നത്.

1. Crux Comiss : തമ്മൂസ് ദേവന്റെ പേരിൽ അറിയപ്പെട്ടിരുന്ന T ആകൃതിയിലുള്ള കുരിശ്.
2. Crux Decussata: 'X' ആകൃതിയിലുള്ള കുരിശ്.
3. Crux Immissa : '+' നെടുകെയും കുറുകെയും തടിക്കഷണങ്ങൾ ചേർത്തുനിർമ്മിച്ച കുരിശ്.

ഇവയിൽ മൂന്നാമത്തെ ആകൃതിയിൽ പരാമർശിച്ചിരിക്കുന്ന കുരിശിലാണ് യേശുകർത്താവ് തൂക്കപ്പെട്ടത്. (മത്താ. 27:37, മർക്കോ. 15:26, ലൂക്കോ. 23:28, യോഹ. 19:19–22).

റോമാസാമ്രാജ്യത്തിൽ നിലനിന്നിരുന്ന ക്രൂശീകരണരീതികൾ വ്യത്യസ്തമായിരുന്നു. ഏറ്റവും നിന്ദ്യവും, നീചവും, വേദനാജനകവും, അപമാനവും, മാനഹാനിയും വരുത്തുന്ന തരത്തിലുള്ള ശിക്ഷയായിരുന്നു അത്. ദൈവഹിതം അനുസരിക്കുന്നതിന് പൂർണ്ണവിനയം ഉണ്ടായിരുന്നതിനാൽ സകല വേദനയും അപമാനവും അവസാന

ത്തോളം കർത്താവ് സഹിച്ചുവെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. ക്രൂശിനേക്കുറിച്ചുള്ള പുതിയനിയമ എഴുത്തുകാരുടെ ചിന്തകളിൽ നിഴലിച്ചു കാണുന്ന ഭാവം ചരിത്രപരമോ (Historical) പുരാവസ്തുസംബന്ധമോ (Archaeological) ആയ ചർച്ചകളല്ല; പ്രത്യുത, ക്രൈസ്തവ ധർമ്മശാസ്ത്രപരമായ (Christological) വിഷയങ്ങളാണ്, യേശു നമ്മുടെ പാപങ്ങൾക്കായി മരിച്ചു എന്നതിനാൽ കുരിശ് നിത്യതയുടെയും, രക്ഷയുടെയും, ഉയിർപ്പിന്റെയും അടയാളമായി ഒരു പ്രപഞ്ചവിഷയമായിത്തന്നെ ചരിത്രത്തിൽ ഇടംകണ്ടെത്തിയിരിക്കുന്നു. സുവിശേഷഘോഷണം എന്നത് ക്രൂശിന്റെ വചനം തന്നെയാണ് (1 കൊരി. 1:17). അത് ക്രിസ്തു തന്നെ.

**5. ക്രിസ്തു: അനുരഞ്ജനത്തിന്റെ വചനം (Christ: The word of Reconciliation)**

ദൈവവചനം അനുരഞ്ജനത്തിന്റെ വചനമായി (2 കൊരി. 5:19) നിർവ്വഹിച്ചിരിക്കുന്നു. അനുരഞ്ജനം എന്നതുകൊണ്ട് 'ശത്രുവുമായി ബന്ധം സ്ഥാപിക്കുക', 'മിത്രമാകുക', 'കൂട്ടുകെട്ടുണ്ടാക്കുക', എന്നല്ല അർത്ഥമാക്കുന്നത്. പുതിയനിയമത്തിന്റെ മൂലകൃതിയിൽ 'Katallege' എന്ന വാക്ക് അനുരഞ്ജനം എന്ന് തർജ്ജമ ചെയ്തിരിക്കുന്നു. ശത്രുതയുളവാക്കുന്ന കാരണങ്ങൾ, വിദ്വേഷത്തിന് ഇട നൽകിയ ഘടകങ്ങൾ എന്നിവ മാറ്റിക്കളയുക, എടുത്തുകളയുക എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. (To take away the root cause of the enmity). ശത്രുതയിലാക്കിയ അടിസ്ഥാന കാരണത്തെ കണ്ടെത്തി ഉന്മൂലനം ചെയ്യുക.

മനുഷ്യന്റെ പാപമാണ് ദൈവത്തോട് ശത്രുത ഉളവാകാൻ കാരണായത്. അത് കണ്ടെത്തി എടുത്തുകളയുമ്പോൾ നാം ക്രിസ്തുവിനോട് നിരപ്പാകുന്നു. യേശുക്രിസ്തു ക്രൂശിന്റെ വചനമായി, അനുരഞ്ജനത്തിന്റെ വചനമായി ചരിത്രത്തിൽ നിലകൊള്ളുന്നു. കുരിശ് നമ്മെ ക്രിസ്തുവിനോട് ബന്ധിച്ചിരിക്കുന്നു; നാം അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. അതിനാൽ അവൻ നമുക്കുവേണ്ടി ചെയ്തതു മാത്രമല്ല, നമ്മിൽ ചെയ്തതും അത് പ്രഖ്യാപിക്കുന്നു. യേശുവിനെ തിരിച്ചറിയാനുള്ള മാർഗ്ഗം, ദൈവവചനത്തിന്റെ ആഴങ്ങളെ കണ്ടെത്തുക എന്നതുതന്നെ. കാരണം ദൈവവചനത്തിന്റെ ഊർജ്ജസ്രോതസ് യേശുക്രിസ്തു തന്നെ.

## ദൃശ്യനാദനടന വിസ്മയമായി
# 'സൃഷ്ടിക്കൊരു സങ്കീർത്തനം'

അടൂർ ഭദ്രാസനത്തിന്റെ സൃഷ്ടിക്കൊരു സങ്കീർത്തനം എന്ന ക്രിസ്തുമസ്രാവ് സംഘടനാ മികവ് കൊണ്ടും അവതരിപ്പിച്ച കലാപരിപാടികളുടെ വ്യത്യസ്തത കൊണ്ടും ശ്രദ്ധേയമായി. അടൂർ ഈശോ മാർ തിമൊത്തിയോസ് സ്പിരിച്വാലിറ്റി സെന്ററിന്റെ ഓഡിറ്റോറിയം നിറഞ്ഞുകവിഞ്ഞ ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ കേരളപ്പിറവിയുടെ അറുപതാം വാർഷികത്തെ സ്മരിച്ചുകൊണ്ട് അറുപത് കുട്ടികൾക്ക് ദീപനാളം പകർന്ന് ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഏബ്രഹാം മാർ പൗലോസ് തിരുമനസ്സ് കൊണ്ട് ഉദ്ഘാടനം ചെയ്തു. മുൻ ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ മുഖ്യപ്രഭാഷണം നടത്തി. തെരഞ്ഞെടുക്കപ്പെട്ട അറുപതംഗസംഘത്തിന്റെ വ്യത്യസ്തതയുള്ള ഗാനങ്ങൾ വേറിട്ടൊരു അനുഭവമായി. വിവിധ സെന്ററുകളുടെയും സ്ഥാപനങ്ങളുടെയും കലാപരിപാടികൾ ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു. സർഗ്ഗാത്മകതയും സാങ്കേതികവിദ്യയും സമന്വയിച്ച കലാവിസ്മയങ്ങൾ മൂന്ന് മണിക്കൂറിലധികം നീണ്ടുനിന്നു.

അഭിവന്ദ്യ ഏബ്രഹാം മാർ പൗലോസ് തിരുമനസ്സിന്റെ മനസിൽ വിടർന്ന ആശയമാണ് ഇത്തരം ഒരു ക്രിസ്തുമസ് രാവിന് നിദാനം. റവ.ജേക്കബ് ജോൺ കൺവീനറായ കമ്മിറ്റിയുടെ കഠിനാധ്വാനവും ഇച്ഛാശക്തിയും സൃഷ്ടിക്കൊരു സങ്കീർത്തനത്തെ മികവുറ്റതാക്കി. ഒരു പുതിയ സംരംഭമെന്ന നിലയിൽ സൃഷ്ടിക്കൊരു സങ്കീർത്തനം ഹൃദ്യവും മനോഹരവുമായിരുന്നു.

# Equip the Clergy, Empower the Church

വൈദികസമൂഹം ശുശ്രൂഷയ്ക്കായി ഒരുക്കപ്പെടുന്നതിലൂടെ സഭയെ ശാക്തീകരിക്കുവാൻ നിയോഗിതരാണ്. അനീതി, അടിച്ചമർത്തൽ, അധിനിവേശം, അസ്വസ്തതകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ലോകത്ത് സഭയ്ക്ക് അവഗണിക്കപ്പെട്ടവരോടും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരോടുമുള്ള ഉത്തരവാദിത്വം പ്രാധാന്യം അർഹിക്കുന്നുവെന്നുള്ള ആഹ്വാനത്തോടെ അടൂർ ഭദ്രാസന വൈദീക സമ്മേളനം കുറ്റാലം സ്വഷ്ടി ഗാർഡൻസിൽ 2016 നവംബർ 7 മുതൽ 10 വരെ നടത്തപ്പെട്ടു. "പ്രസിദ്ധിയാർജ്ജിക്കുന്ന ശുശ്രൂഷയല്ല പ്രാധാന്യം, പ്രസക്തമായ ശുശ്രൂഷയാണ് പ്രധാനം" എന്നു റവ.ഡോ. കെ.കെ. ഏബ്രഹാമും, നിഴലകളായി മുഖംമൂടികളിഞ്ഞും മുമ്പിൽ നിൽക്കുവാനല്ല മനുഷ്യജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോഴാണ് ശുശ്രൂഷ കാലത്തിനു സംഗതമാകുന്നതെന്ന് റവ. കുര്യൻ ജോർജ്ജിന്റെ ചിന്തകളും നമ്മെപ്പറ്റിയും നമ്മുടെ ഇടവകകളെപ്പറ്റിയുമുള്ള വ്യക്തമായ അവബോധവും അവലോകനവും ശുശ്രൂഷയ്ക്ക് അനിവാര്യമെന്ന് റവ. പി.ജെ. വർഗീസിന്റെ ക്ലാസുകളും മറ്റ് ബൈബിൾ പഠനങ്ങൾ, ചർച്ചകളും കൂട്ടായ്മ അനുഗ്രഹമാക്കി.

## അനുമോദനങ്ങൾ



തിരുവനന്തപുരം ഡിവിഷനിൽ ആദ്യമായി വൺ കോർ സിംഗിൾ ഡെപ്പോസിറ്റ്. ജീവൻ അക്ഷയ് പോളിസിയിലൂടെ സമാഹരിച്ച കരുനാഗപ്പള്ളി ബ്രാഞ്ചിലെ ചീഫ് അഡ്വൈസർ **റ്റി. കെ. ശാമുവേൽ.**

കരുനാഗപ്പള്ളി കോഴിക്കോട് മാർത്തോമ്മാ ഇടവകയിൽ തണ്ടാശ്ശേരിൽ പരേതനായ റ്റി.വി. കുഞ്ഞുമ്മന്റെ മകൻ.

## അനുമോദനങ്ങൾ



തുമ്പമൺ - മുട്ടം ശാലേം മാർത്തോമ്മാ ഇടവകയിൽ കുഴിക്കാട്ട് പുത്തൻവീട്ടിൽ പരേതനായ ശ്രീ. കോശി മാത്യുവിന്റെയും ശ്രീമതി. ബീനാ മാത്യുവിന്റെയും മകൾ **കുമാരി പ്രീതി ആൻ മാത്യു.**

കോയമ്പത്തൂർ കർപ്പഗം യൂണിവേഴ്സിറ്റിയിൽനിന്നും ബയോടെക്നോളജിയിൽ ഡോക്ടറേറ്റ് നേടി.

## മാതൃസ്നേഹം

ഒരിക്കൽ എൻ മകൻ കൊടുംവെയിലിൽ
ഒക്കത്തിരുന്നു കരഞ്ഞിടുമ്പോൾ
അമ്മതൻ ചേലയിൻ തുമ്പെടുത്തു
കുടയായ് വിരിച്ചു നിന്റമ്മയന്ന്
പിന്നെ പതിയെ വളർന്നു വന്നു
ഒത്തിരി സ്നേഹം പകർന്നു തന്നു
ആ നിമിഷം ഞാൻ എല്ലാം മറന്നു
നിഗളിച്ചുപോയി നിന്റെ അമ്മ
വാർദ്ധക്യം എന്നിലൂടെത്തിയപ്പോൾ
നോക്കുവാൻ നേരമില്ലെൻ മകന്
ഒരുനുള്ളു അന്നം തരുമെന്നു നോക്കി
കേഴുന്നു അമ്മ തൻ നിന്നരികിൽ
മകനെ മകനെ എന്നുരച്ചു
കേൾക്കാതെ എൻ മകൻ അപ്പുറത്ത്
എല്ലാം കേൾക്കുന്ന എന്റെ ദൈവം
അരികത്ത് ചാരത്ത് ഒപ്പമുണ്ട്





**തങ്കമ്മ ശാമുവേൽ**
**മണ്ണടി മാർത്തോമ്മാ പള്ളി**

## BAREFOOT COUNSELLING

ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കൺവൻഷനോടനുബന്ധിച്ച് കൗൺസിലിംഗിന് നേതൃത്വം നൽകുന്നതിനായി ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽനിന്നുമുള്ള വ്യക്തികൾക്ക് കൗൺസിലിംഗ് ട്രെയിനിംഗ് നൽകപ്പെട്ടു. ഏകദേശം 150-ഓളം ആളുകൾ ഈ ട്രെയിനിംഗ് പ്രോഗ്രാം പ്രയോജനപ്പെടുത്തി.

## യുവജനസഖ്യം

ഭദ്രാസന യുവജനസഖ്യം സ്റ്റഡീഫോറത്തിന്റെ ആഭിമഖ്യത്തിലുള്ള ക്ലസ്റ്റർ ക്ലാസ്സുകളുടെ ക്രമീകരണം സെന്റർ ചുമതലക്കാർ എത്രയും വേഗം ക്രമീകരിക്കണമെ.

## ഹെർമ്മോൻ ദൂതൻ പരസ്യനിരക്ക്

| | | | |
|---|---|---|---|
| ഔട്ടർ കവർ (മൾട്ടികളർ) | 15000/- | ഇൻസൈഡ് പേജ് ഫുൾ (BW) | 5000/- |
| ഇന്നർകവർ (മൾട്ടികളർ) | 10000/- | ഇൻസൈഡ് പേജ് ഹാഫ് (BW) | 2500/- |

## ഭദ്രാസന കൺവൻഷൻ സ്റ്റാളുകൾ

ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് യുവജനസഖ്യം, സേവികാസംഘം, വികസനസംഘം മറ്റ് സംഘടനകളുടെ സ്റ്റാളുകൾ കൺവൻഷൻ ഗ്രൗണ്ടിൽ പ്രവർത്തിക്കുന്നതാണ്.

## ഹെർമ്മോൻദൂതൻ – വരിസംഖ്യ

ഹെർമ്മോൻദൂതന്റെ വാർഷിക വരിസംഖ്യ അടയ്ക്കുവാനുള്ള എല്ലാ ഇടവകകളും എത്രയും വേഗം ഭദ്രാസന ഓഫീസിൽ അടയ്ക്കേണ്ടതാണ്.

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതിന് നവംബർ 10 – നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം**



**2017 ഏപ്രിൽ – ജൂൺ**

**വിഷയം : ഉത്ഥിതനായ ക്രിസ്തുവിനോടൊപ്പം**

*കൂടുതൽ വിവരങ്ങൾക്ക്:*

**റവ. പി.ജെ. തോമസ് – 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691523**

E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com

*Youth Corner*



ശ്രീമതി. അഞ്ജന റെജി
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
ബെഥേൽ മാർത്തോമ്മാ ചർച്ച്
പോരുവഴി

# കൗമാരവും ശാരീരിക മാറ്റങ്ങളും

പെൺകുട്ടികൾ 12–13 വയസ്സാകുമ്പോഴേക്കും ശരീരത്തിൽനിന്ന് രണ്ട് ഹോർമോൺസ് ഉല്പാദിപ്പിക്കപ്പെടുന്നു. Estrogen ഉം Progestrone ഉം.

Progestrone Hormone ആണ് ഗർഭധാരണത്തിന് സഹായിക്കുന്നത്. ഗർഭിണി ആയിരിക്കുമ്പോൾ ആർത്തവം ഉണ്ടാകുന്നില്ല. ആർത്തവത്തിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ വയറുവേദന, നടുവേദന, ഛർദ്ദിൽ, തലവേദന, കാലുകൾക്ക് വേദന ഇവ കാണുന്നു. ചിലരിൽ കൂടുതൽ ദേഷ്യം, ഉത്കണ്ഠ, വിഷാദം, ആത്മഹത്യാ പ്രവണത എന്നിവ കാണുന്നു. ഇതനെ Pr-menstrual syndrome എന്ന് പറയുന്നു.

ആർത്തവത്തെക്കുറിച്ചുള്ള ചില തെറ്റായ ധാരണകൾ

അടുക്കളയിൽ കയററുത്
മറ്റുള്ളവരെ സ്പർശിക്കരുത്
കുർബ്ബാന സ്വീകരിക്കരുത്
ചെടികളെ തൊടരുത്
കിണറ്റിൽനിന്ന് വെള്ളം കോരരുത്
പള്ളിയിൽ പോകരുത്.

ഇത്തരത്തിലുള്ള തെറ്റായ ധാരണകൾ ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നു. ദൈവം സ്ത്രീയെ സൃഷ്ടിച്ചിരിക്കുന്നത് ആർത്തവത്തോടുകൂടിയാണ്. ഒരു സ്ത്രീ യഥാർത്ഥത്തിൽ സ്ത്രീ ആയിരിക്കുന്നത് ഈ നാളുകളിലാണ്. അതുകൊണ്ട് ദൈവം നമ്മെ അംഗീകരിക്കുന്നത് പൂർണ്ണമായി ആണ്.

കൗമാരക്കാർ തങ്ങളുടെ ശരീരത്തിലുണ്ടാകുന്ന ചില മാറ്റങ്ങൾ മൂടിവെയ്ക്കാൻ ശ്രമിക്കുന്നു. സ്തനങ്ങൾ കാണുമെന്ന് പേടിച്ച് സാധാരണ പെൺകുട്ടികൾ കുനിഞ്ഞ് നടക്കാറുണ്ട്.

ആൺകുട്ടികളിൽ ശബ്ദത്തിൽ ഉണ്ടാകുന്ന വ്യത്യാസം ആദ്യമൊക്കെ വിഷമിപ്പിക്കാറുണ്ട്. ഇതെല്ലാംതന്നെ കൗമാരക്കാരിൽ അപകർഷതാബോധം ഉണ്ടാക്കുകയും സ്വയം മതിപ്പില്ലാത്ത അവസ്ഥയിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യുന്നു.

കൗമാരക്കാർക്ക് തങ്ങളെക്കുറിച്ചും തങ്ങളുടെ പ്രായത്തിലുള്ള എതിർലിംഗത്തെക്കുറിച്ചും അറിയാൻ ആഗ്രഹമുണ്ട്. പ്രത്യേകിച്ച് അവരുടെ ശാരീരിക മാറ്റങ്ങളെക്കുറിച്ച് അറിയാൻ താല്പര്യമുണ്ട്. ഈ സമയത്ത് ശരിയായ ഗൈഡൻസ് ആവശ്യമാണ്. അവരുടെ മനസ്സിലുള്ള ചോദ്യങ്ങൾക്ക് ശരിയായ രീതിയിൽ ഉത്തരം ലഭിച്ചില്ലായെങ്കിൽ അവരുടേതായ മാർഗ്ഗങ്ങൾ തേടിപ്പോകുന്നു. അശ്ലീല സിനിമകൾ കാണുക, അശ്ലീല പുസ്തകങ്ങൾ വായിക്കുക, ഇങ്ങനെ തെറ്റായ അറിവ് നേടുകയും വിവാഹജീവിത്തതിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു.

സമൂഹം ലൈംഗീകത പാപമായി കാണുന്നു. കൗമാരക്കാരിൽ ഈ വികാരം ശക്തമായി കാണുന്നു. ഇത് അവരിൽ കുറ്റബോധം ഉണ്ടാക്കുകയും മനസ്സിലേക്ക് വികാരത്തെ അടിച്ചമർത്തുകയും ചെയ്യുന്നു. എത്രമാത്രം അടിച്ചമർത്തുന്നുവോ അത്രമാത്രം മനസ്സിലേക്ക് വീണ്ടും വീണ്ടും പൊങ്ങിവന്നുകൊണ്ടിരിക്കുകയും മറ്റ് പരീക്ഷണങ്ങൾ ചെയ്യുന്നതിനുവേണ്ടി അത് കളമൊരുക്കുകയും ചെയ്യും.

യഥാർത്ഥ ലൈംഗീകവിജ്ഞാനത്തിന്റെ അഭാവവും തെറ്റായ ധാരണകളുമായ ഒട്ടനവധി പ്രശ്നങ്ങളുടെയും കാരണം. ഓരോ കൗമാരക്കാരും അവരവരുടെ ലൈംഗീക സിദ്ധിയും അതിന്റെ ലക്ഷ്യവും അറിയുന്നതോടൊപ്പം തങ്ങളുടെ സ്വാഭാവിക പ്രവണതകളെക്കുറിച്ചും വ്യക്തമായ അറിവ് നേടാൻ ശ്രമിക്കണം. ഈ അവബോധം ലൈഗീകതയുമായി ബന്ധപ്പെട്ട മിക്കവാറും പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനും പരിഹരിക്കുവാനുമുള്ള വിവേചനശക്തി നൽകും.

## യുവജനസഖ്യം

മാർത്തോമ്മാ യുവജനസഖ്യം അടൂർ ഭദ്രാസന കലാമേള 2016 നവംബർ 26-ന് ഭദ്രാസന അദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനസന്ദേശത്തിൽ ജീവിതം വൈവിദ്ധ്യമാർന്ന കലകളുടെ സംഗമവും സമ്മേളനവും ആണ്. ശരിയായ ഇടങ്ങളിൽ ശരിയായ രീതിയിൽ സമ്മേളിക്കുമ്പോൾ അതൊരു ആഘോഷമായിത്തീരുന്നുവെന്നു തിരുമേനി ഓർമ്മിപ്പിച്ചു. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽനിന്നുള്ള യുവ കലാകാരന്മാരും കലാകാരികളും ചിട്ടയോടുകൂടി പങ്കെടുത്തു.

| | | |
|---|---|---|
| ഭദ്രാസന കൺവൻഷൻ | : | 2017 ജനുവരി 4 മുതൽ 8 വരെ |
| കലയപുരം കൺവൻഷൻ | : | 2017 ജനുവരി 11 മുതൽ 15 വരെ |
| ഇടത്തറ കൺവൻഷൻ | : | 2017 ജനുവരി18 മുതൽ 22 വരെ |
| കല്ലട കൺവൻഷൻ | : | 2017 ജനുവരി 10 മുതൽ 15 വരെ |
| **മാരാമൺ കൺവൻഷൻ** | : | **2017 ഫെബ്രുവരി 12 മുതൽ 19 വരെ** |

*pray*
*prepare*
*participate*

100

## MAR CHRYSOSTOM
## BIRTH CENTENARY CELEBRATION

നൂറിന്റെ നിറവിൽ നിറഞ്ഞുനിൽക്കുന്ന
**മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക്**
2017 ജനുവരി 8–ാം തീയതി ഞായറാഴ്ച അടൂർ ഭദ്രാസനത്തിന്റെ
ഊഷ്മള വരവേൽപ്പ് നൽകുന്നു

**Programme**

| | | |
|---|---|---|
| Prayer Song | : | Diocesan Choir |
| Prayer | : | Very Rev. Skariah Abraham (Vicar General) |
| Welcome Speech | : | Rev. V. Kunjukoshy (Diocesan Secretary) |
| Presidential Address | : | The Rt. Rev. Dr. Abraham Mar Paulos Episcopa |
| Inaugural Address | : | **Prof. P.J. Kurian M.P.** (Hon. Deputy Chairman, Rajya Sabha) |
| Falicitations | : | The Most Rev. Dr. Zacharias Mar Aprem Metropolitan (Metropolitan, Adoor-Kadampanad Diocese)<br>Shri. Remesh Chennithala (Hon. Opposition Leader)<br>Adv. Mathew T. Thomas (Hon. Minister of Water Resources) |
| Song | : | Choir<br>Shri. Anto Antony M.P.<br>Shri. Chittayam Gopakumar MLA<br>Shri. Blessy (Film Director)<br>Adv. Prakash P. THomas (Lay Trustee & Treasurer) |
| Presentation of Memento | : | Mrs. Ammini Yohannan (Diocesan Council Member) |
| Reply Note | : | **His Grace the Most Rev. Dr. Philipose Mar Chrysostom Mar Thoma Valiya Metropolitan** |
| Vote of Thanks | : | Shri. Jacob George (Diocesan Treasurer) |
| Prayer | : | Rev. P.N. Alexander |
| Benediction | : | **His Grace The Valiya Metropolitan** |

# പ്രശ്നോത്തരി

## കഴിഞ്ഞ ലക്കത്തിൽ എല്ലാ ഉത്തരങ്ങളും ശരിയായി നൽകിയവർ

1. അന്നമ്മ മാത്യു, പൂങ്കുളഞ്ഞി മാർത്തോമ്മാ ചർച്ച്
2. ജസ്റ്റിന ജോസ്, പൂങ്കുളഞ്ഞി മാർത്തോമ്മാ ചർച്ച്
3. എൽസൻ നൈനാൻ, പത്തനാപുരം മാർത്തോമ്മാ ചർച്ച്
4. ലിജ സന്തോഷ്, ചുനക്കര, സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്
5. കുഞ്ഞുമോൾ മാത്യു, കുളക്കട സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്
6. ഫേബ എൽസ, കുളക്കട സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്
7. ബിന്ദു ഷാജി, അരിനല്ലൂർ മാർത്തോമ്മാ ചർച്ച്
8. മേരിക്കുട്ടി ഏബ്രഹാം, വാത്തികുളം ബെഥേൽ മാർത്തോമ്മാ ചർച്ച്
9. സുനി അനിൽ, ചാരുംമൂട് ക്രിസ്റ്റോസ് മാർത്തോമ്മാ ചർച്ച്
10. സരള തോമസ്, പത്തനാപുരം മാർത്തോമ്മാ ചർച്ച്
11. മോളി ജേക്കബ്, കറ്റാനം സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്
12. പി.റ്റി. തോമസ്, പത്തനാപുരം ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച്
13. ജിൻസി ജേക്കബ്, തേവലക്കര ഹെബ്രോൺ മാർത്തോമ്മാ ചർച്ച്
14. കെ.എം. ഏബ്രഹാം, കൊറ്റമ്പള്ളി ബെഥേൽ മാർത്തോമ്മാ ചർച്ച്

കഴിഞ്ഞ ലക്കത്തിലെ വിജയി
**അന്നമ്മ മാത്യു, വല്യാന്റെപറമ്പിൽ, സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച്, പൂങ്കുളഞ്ഞി**

## കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. അന്ധകാരം നീക്കുന്നവൻ
2. വിദ്യാർത്ഥിയെ ഒതുക്കുവാനുള്ളത് ആകരുത്.
3. കുടുംബം
4. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം
5. ഒരു ജൈവസംസ്കാരം
6. മദർ തെരേസ
7. മറിയ

## ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. എങ്ങനെയാണ് സൺഡേസ്കൂൾ അദ്ധ്യാപകർ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കേണ്ടത്?
2. പ്രപഞ്ചത്തിന്റെ താളങ്ങളുടെമേൽ എന്തുള്ളവ നാണ് ദൈവം?
3. ആരോടൊപ്പമാണ് നാം നടക്കേണ്ടത്?
4. ഭാരതജനാധിപത്യത്തിന്റെ കാതൽ എന്താണ്?
5. നമ്മുടെ സംസ്ഥാന പക്ഷി?
6. ധാർമ്മികവും ആത്മീകവുമായ അപജയങ്ങ ളിൽനിന്നുമുള്ള കരകയറലിനെ എന്ത് വിവക്ഷി ക്കാം.
7. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പിതാവിന്റെ പേര്?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2017 ഫെബ്രുവരി 30**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി...
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. വിജയിക്കുള്ള സമ്മാനം ഭദ്രാസന കൺവൻഷനോട് ചേർന്ന് നൽകപ്പെടുന്നതാണ്. തുടർന്നും ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**എഡിറ്റർ**



# PHILIPSONS

IATA

## AIR TRAVEL ENTERPRISES

The First & Only (ATA Approved Air Travels in Adoor)

ADOOR TOWER
CENTRAL-ADOOR-691 523

94470 69573
94470 26024

binuprajan@hotmail.com

JEWELL

- എയർ ടിക്കറ്റ്
- ഹോളിലാന്റ് & ടൂർപാക്കേജ്
- സ്കൂൾകുട്ടികൾക്ക് എയർടൂർ പാക്കേജ്
- ഓൺലൈൻ പാസ്പോർട്ട് സർവ്വീസ്
- വിസ സ്റ്റാമ്പിംഗ് & എമിഗ്രേഷൻ
- പി.സി.സി. & ട്രാൻസിലേഷൻ
- സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
- പ്രീപെയ്ഡ് & പോസ്റ്റ്പെയ്ഡ് ടാക്സി സർവ്വീസ്



അഡ്വ. ബിനു പി. രാജൻ
(മാനേജിംഗ് ഡയറക്ടർ)

ADVT.




ADVT.

Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla. Chief Editor: Rev. P.J. Thomas